# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2025 ഫെബ്രുവരി
വില ₹25



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




കുട്ടികളുടെ കഥാസരിത്സാഗരം
**ചേർക്കിൽ ഗോവിന്ദൻകുട്ടിനായർ**
(പുനരാഖ്യാനം)
വില ₹780




തൊപ്പി പോയ പൂച്ച
**സൈജ എസ്**
(ചിത്രപുസ്തകം)
വില ₹60




വീട്, ഒരു പരീക്ഷണശാല
**പ്രൊഫ. കെ എൻ പ്രസന്നകുമാരി അമ്മ**
(ശാസ്ത്രം)
വില ₹350




സ്കോട്ലന്റിലെ അദ്ഭുതകഥകൾ
**ഡോ. ചേരാവള്ളി ശശി**
(പുനരാഖ്യാനം)
വില ₹200




വൈകുന്നേരത്തെ നടത്തങ്ങൾ
**വീണ റോസ്കോട്ട്**
(കഥ)
വില ₹140

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471 – 233 3790, e-mail : director@ksicl.org

**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.**

MOB: 8547971483 ACCOUNT NUMBER : 67178297569.
NAME: DIRECTOR KSICL, IFSC : SBIN0000941

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org) അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഫെബ്രുവരി 2025
വില ₹25
വാർഷികവരിസംഖ്യ ₹250

# തളിര്

February 2025 Vol:32, Issue: 2

## ഉള്ളടക്കം

07



## കഥയുടെ ബാലകാണ്ഡം

**ഡോ കെ ശ്രീകുമാർ**

"കുട്ടികൾക്കുവേണ്ടി എഴുതുന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. അവർക്കു മനസ്സിലാവുന്ന ഭാഷയായിരിക്കണം. അവർക്ക് താത്പര്യമുള്ള വിഷയവുമായിരിക്കണം." ബാലസാഹിത്യരചനയെ കുറിച്ച് അന്തരിച്ച പ്രിയകഥാകാരൻ എം ടി യുടേതാണ് ഈ വാക്കുകൾ. ബാലസാഹിത്യരംഗത്ത് അദ്ദേഹം നൽകിയ സംഭാവനകളെ കുറിച്ചറിയാൻ ഈ ലേഖനം വായിക്കൂ...

## വാവക്കുട്ടിയുടെ ലോകം

12

**ലക്ഷ്മീദേവി**

ഒരിക്കലും മടങ്ങിവരാത്ത മനോഹരമായ ബാല്യകാലത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോവുകയാണ് വാവക്കുട്ടി. വാവക്കുട്ടിയുടെ ആ ലോകത്തേക്ക് നമുക്കും ഒന്നു സഞ്ചരിച്ചാലോ?



18



## സി വി രാമനും ദേശീയ ശാസ്ത്രദിനവും

**സീമ ശ്രീലയം**

ഫെബ്രുവരി28 ദേശീയ ശാസ്ത്രദിനം. രാമൻ പ്രഭാവം (Raman effect) എന്ന തന്റെ മഹത്തായ കണ്ടുപിടിത്തം ലോകത്തെ അദ്ദേഹം അറിയിച്ചത് 1928 ഫെബ്രുവരി 28 നായിരുന്നു. ശാസ്ത്രത്തിന്റെ പ്രാധാന്യം എല്ലാവരിലേക്കും എത്തിക്കാനും ശാസ്ത്രാവബോധം വളർത്താനുമുള്ള അവസരമായി നമുക്കീ ദിനത്തെ പ്രയോജനപ്പെടുത്താം.

കവിതാപരിചയം..........6
ഉള്ളൂർ എസ് പരമേശ്വരയ്യർ
കടപയാദി..........10
പള്ളിയറ ശ്രീധരൻ
ആമയും മുയലും നടക്കാനിറങ്ങുന്നു..........16
ഇ ജിനൻ
ഹാംഗ്സൺ ഡൂംഗ്..........17
മഹേശൻ കാവനാട്
ഐഫോൺ..........22
ശ്രീജ ആർ എസ്
മഴവില്ല്..........25
ദിവാകരൻ വിഷ്ണുമംഗലം
ഭാഷാപരിചയം..........26
സാബു കോട്ടുക്കൽ
ചെസ്സ് ലോകകിരീടം ഇന്ത്യയിൽ..........27
മോഹൻദാസ് അമ്പാട്ട്
ഒറ്റയാൻ..........30
വിജയ വാസുദേവൻ
വലിയവർ..........31
രമാദേവി ചെപ്പ്
താളപ്രപഞ്ചത്തിൽ ആറാടിയവൻ..........32
ആർ രാമചന്ദ്രൻ
പുതുമൊഴി..........34
ഹേമ സാധ്വി
മഴക്കണ്ണീർ പെയ്യുമ്പോൾ..........35
അജയ് നാരായണൻ
സുവർണനഗരത്തിന്റെ ശവകുടീരങ്ങൾ..........36
എ വിനു
കുറ്റവാളി..........40
എം കൃഷ്ണദാസ്
ഇളംതളിര്..........42

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**

ഡിസൈൻ , ലേഔട്ട്
**പ്രദീപ് ഓർക്കാട്ടേരി**

കവർ
**ആദിത്യൻ ജെ സജി**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790, 8547971483
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: ബോബി എം പ്രഭ

# അഭിമാനംകൊണ്ട് നിറഞ്ഞ്, വിരഹത്തിൽ തകർന്ന്

ലോകത്തിന്റെ നെറുകയിലായിരുന്നു അന്ന് ഗുകേഷ് ദൊമ്മരാജു എന്ന ആ പതിനെട്ടുവയസ്സുകാരൻ. ആരും കൊതിക്കുന്ന ആ വിജയത്തിൽ അവൻ തുള്ളിച്ചാടിയില്ല. അത്യാഹ്ലാദത്താൽ ആർത്തുവിളിച്ചില്ല. കൃതജ്ഞതയോടെ ആനന്ദാശ്രുക്കൾ പൊഴിച്ചുനിന്ന അവനോട് ആരോ പറഞ്ഞു. 'കരയരുത്'. അപ്പോഴാണ് ആ മുഖത്ത് ഒരു പുഞ്ചിരി തെളിഞ്ഞു കണ്ടത്. അഭിനന്ദനമർപ്പിച്ചവരുടെ നല്ല വാക്കുകൾ വിനയപുരസ്സരം സ്വീകരിച്ചുകൊണ്ട് ചെസ്ബോർഡിലെ കരുക്കൾ യഥാസ്ഥാനത്തു വയ്ക്കുകയായിരുന്നു അപ്പോഴവൻ. അവനെ സംബന്ധിച്ചിടത്തോളം അത് വെറും ഒരു ചെസ് ബോർഡ് അല്ല. അതും അതിലെ ചതുരങ്ങളും കരുക്കളും എല്ലാം പവിത്രമായ ഒന്നാണ്. സ്വന്തം ഇരിപ്പിടം പോലും വളരെ കൃത്യമായി ഒതുക്കിവച്ച ശേഷം അവൻ നേരെ പോയത് തന്നെ പഠിപ്പിച്ച അധ്യാപകന്റെയും താങ്ങായി നിന്ന അച്ഛന്റെയും അടുക്കലേക്കായിരുന്നു.

ചെസ്സിൽ ഏറ്റവും പ്രായം കുറഞ്ഞ ലോകചാമ്പ്യൻ ആകണം എന്ന ആഗ്രഹം കുഞ്ഞുനാൾ മുതൽ ഗുകേഷിൽ ഉടലെടുത്തതാണ്. ആ നിശ്ചയദാർഢ്യത്തോടൊപ്പം കഠിനാധ്വാനവും കൂടിച്ചേർന്നപ്പോൾ ഗുകേഷ് ഇന്ത്യയുടെ അഭിമാനതാരമായി. ഈ തിളക്കമാർന്ന വിജയം തീർച്ചയായും വരുംതലമുറയ്ക്ക് ഒരു പ്രചോദനം തന്നെയായിരിക്കും.

മലയാളത്തിന്റെ പ്രിയ കഥാകാരൻ എം ടി വാസുദേവൻ നായർ വിട പറഞ്ഞത് ഈയടുത്ത സമയത്തായിരുന്നു. സാംസ്കാരിക കേരളത്തിന് തീരാനോവും നഷ്ടവുമായിരുന്നു ആ വിടവാങ്ങൽ. കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്ര സംവിധായകൻ, പത്രാധിപർ എന്നീ നിലകളിലെല്ലാം പ്രശസ്തനായിരുന്നു അദ്ദേഹം. ജ്ഞാനപീഠം, പത്മഭൂഷൺ തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ച അദ്ദേഹത്തെ നമുക്കൊരിക്കലും വിസ്മരിക്കാനാവില്ല. അദ്ദേഹത്തെ കുറിച്ചും അരങ്ങൊഴിഞ്ഞ തബല മാന്ത്രികൻ ഉസ്താദ് സാക്കിർ ഹുസൈനെ കുറിച്ചും ഈ ലക്കം തളിരിൽ വായിക്കൂ...

1928 ഫെബ്രുവരി 28 നാണ് സർ സി വി രാമൻ നോബൽ പുരസ്കാരത്തിനർഹമായ രാമൻ ഇഫക്റ്റ് കണ്ടുപിടിച്ചത്. ആ ദിനത്തിന്റെ ഓർമയ്ക്കായി ഫെബ്രുവരി 28 നാം ദേശീയ ശാസ്ത്രദിനമായി ആഘോഷിക്കുന്നു. ഇതേ കുറിച്ചും ഈ ലക്കത്തിൽ നിങ്ങൾക്കു വായിക്കാം.

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**മലയാളത്തിന്റെ പ്രിയ കഥാകാരൻ എം ടി വാസുദേവൻ നായർ വിട പറഞ്ഞത് ഈയടുത്ത സമയത്തായിരുന്നു. സാംസ്കാരിക കേരളത്തിന് തീരാനോവും നഷ്ടവുമായിരുന്നു ആ വിടവാങ്ങൽ. കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്ര സംവിധായകൻ, പത്രാധിപർ എന്നീ നിലകളിലെല്ലാം പ്രശസ്തനായിരുന്നു അദ്ദേഹം. ജ്ഞാനപീഠം, പത്മഭൂഷൺ തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ച അദ്ദേഹത്തെ നമുക്കൊരിക്കലും വിസ്മരിക്കാനാവില്ല.**

## സാഹിത്യപ്രതിഭകളിലൂടെ ഒരു യാത്ര

# ഉള്ളൂർ എസ് പരമേശ്വരയ്യർ


ജനനം : 1877
മരണം : 1949
ജനനസ്ഥലം : പെരുന്ന, ചങ്ങനാശ്ശേരി

മലയാളഭാഷയിലെ പ്രമുഖകവിയും പണ്ഡിതനും. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാള കവിതയിലെ കാല്പനിക പ്രസ്ഥാനത്തിനു തുടക്കം കുറിച്ച കവികളായിരുന്നു ആധുനിക കവിത്രയം എന്നറിയപ്പെട്ട ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ.

മലയാളം, തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ഉള്ളൂരിന് അഗാധമായ പാണ്ഡിത്യമായിരുന്നു. സംസ്കൃതപദങ്ങൾ ധാരാളമായി ഉപയോഗിക്കുന്ന രചനാശൈലികൊണ്ട് 'ഉജ്ജ്വല ശബ്ദാഢ്യൻ' എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നു. കവി എന്നതിനു പുറമേ അധ്യാപകൻ, ചരിത്രകാരൻ, സർക്കാർ ഉദ്യോഗസ്ഥൻ എന്നീ നിലകളിലും അദ്ദേഹം ശോഭിച്ചു.

ഉമാകേരളം, മണിമഞ്ജുഷ, കർണഭൂഷണം, പിങ്ഗള, ഭക്തിദീപിക, കേരള സാഹിത്യചരിത്രം മുതലായവയാണ് പ്രധാനകൃതികൾ. എക്കാലത്തും നാം ഏറ്റുപാടിയ 'കാക്കേ കാക്കേ കൂടെവിടെ', 'പ്രാവേ പ്രാവേ പോകരുതേ' എന്നീ കുട്ടിക്കവിതകൾ രചിച്ചത് അദ്ദേഹമാണ്.

1949 ജൂൺ 15 ന് അദ്ദേഹം അന്തരിച്ചു.



വര: കുഞ്ഞിരാമൻ പുതുശ്ശേരി

**മലയാളത്തിലെ സാഹിത്യപ്രതിഭകളെ അറിയാൻ ഒരു അവസരം. ഓരോ മാസവും സാഹിത്യപ്രതിഭകളെ നമുക്കു പരിചയപ്പെടാം.**

# ഓമനേ, നീയുറങ്ങ്

(ഉള്ളൂർ എസ് പരമേശ്വരയ്യർ രചിച്ച ഓമനേ, നീയുറങ്ങ്
എന്ന മനോഹരമായ കവിതയിൽ നിന്നുള്ള
ഏതാനും വരികളാണ് ഇത്തവണത്തെ കവിതാപരിചയത്തിൽ.)



ഓമനേ, നീയുറങ്ങെൻ മിഴിവണ്ടിണ-
ത്തൂമലർത്തേൻകുഴമ്പെന്റെ തങ്കം!
ആടിയും പാടിയും ചാടിയുമോടിയും
വാടിയും വീടും മുഖരമാക്കി
വാടി വിയർത്ത മുഖാംബുജത്തോടെന്നെ-
ത്തേടി നീയന്തിയിൽ വന്നനേരം,
നിൻകവിൾത്തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ-
യെൻകണ്ണിലുണ്ണി! ഞാനെത്രവച്ചു!
നെറ്റിപ്പനിമതിപ്പോളമേലങ്ങിങ്ങു
പറ്റിക്കിടന്ന കുറുനിരകൾ
കോതിപ്പുറകോട്ടൊതുക്കി വെൺമുത്തൊളി
സ്വേദബിന്ദുക്കൾ തുടച്ചുമാറ്റി,
ആരോമൽപ്പൈതലേ! ഞാനെത്രനിന്നെയെൻ
മാറോടണച്ചു പുണർന്നുനിന്നു!
അൻപാർന്നു വെള്ളിത്തളികയിൽ ഞാൻ-
നൽകും
പൈമ്പാൽപ്പൊടിയരിച്ചോറെൻ കുട്ടൻ
പാർവണത്തിങ്കളിൽത്തങ്ങുമമൃതൊരു
ഗീർവാണബാലൻ ഭുജിക്കുംപോലെ,
മൃഷ്ടമായ് ഭക്ഷിച്ചുറങ്ങുകയായ്പ്പൂവൽ-
പ്പട്ടുമേലാപ്പണിത്തൊട്ടിലിതിൽ.
വാനിൽക്കതിരൊളി വീശിത്തിളങ്ങിടും
തൂനക്ഷത്രത്തിൻ ശരിപ്പകർപ്പേ,
ആണിപ്പൊൻചെപ്പിനകത്തു വിലസിടും
മാണിക്കക്കല്ലിനുടപ്പിറപ്പേ!
ഓമനേ, നീയുറങ്ങെൻ മിഴിവണ്ടിണ-
ത്തൂമലർത്തേൻ കുഴമ്പെന്റെ തങ്കം!.

വര: ബോബി എം പ്രഭ

# കഥയുടെ ബാലകാണ്ഡം

**ഡോ. കെ ശ്രീകുമാർ**



1960ലെ മാതൃഭൂമി ആഴ്ചപ്പതിപ്പുകളിലൊന്നിൽ 'ബാലപംക്തി'യുടെ ഭാഗമായി ഒരു ബാലനോവൽ പ്രസിദ്ധീകരണമാരംഭിച്ചു. 'മാണിക്യക്കല്ല്' എന്നായിരുന്നു അതിന്റെ തലക്കെട്ട്. നോവൽ എഴുതിയ ആളുടെ പേരും ചേർത്തിരുന്നു. കെ സരള. സാഹിത്യരചനാരംഗത്ത് ഒട്ടും പരിചിതമല്ലാത്ത പേരായിരുന്നു അത്. ഏതായാലും 'മാണിക്യക്കല്ലി'നെ വായനക്കാരായ കുട്ടികൾ സർവ്വാത്മനാ ഏറ്റെടുത്തു. കുട്ടികൾക്കൊപ്പം മുതിർന്നവരും ആ ബാലനോവൽ ആവേശത്തോടെ വായിച്ചു. ഫാന്റസിയുടെ വിസ്മയതലങ്ങൾ നിറഞ്ഞ രചനാരീതിയാണ് നോവലിനെ എല്ലാവരുമായും അടുപ്പിച്ചത്. ചെറിയ ഭാഗങ്ങളായി നിരവധി ലക്കങ്ങൾ കൊണ്ടാണ് നോവൽ പ്രസിദ്ധീകരിച്ചു തീർന്നത്.

നാടുകാണാനാൻ പോയ രാജകുമാരൻ ജയചന്ദ്രനും മന്ത്രികുമാരൻ സത്യനും മാണിക്യക്കല്ല് ലഭിക്കുന്നതും നദിക്കടിയിലെ രാക്ഷസക്കോട്ടയിലെത്തുന്നതും അവിടെ തടവിൽക്കഴിഞ്ഞിരുന്ന സുന്ദരിയെ രക്ഷിക്കുന്നതുമൊക്കെയാണ് 'മാണിക്യക്കല്ലി'ലെ പ്രമേയം. ഈ സാഹസിക യാത്രകൾക്കിടയിലുണ്ടാവുന്ന പല പ്രതിസന്ധികളെയും മന്ത്രികുമാരൻ തന്റെ ആത്മബലം കൊണ്ട് മറികടക്കുന്നതോടെ കഥ ശുഭാന്തമാവുന്നു. ആദ്യന്തം ആകാംക്ഷാനിർഭരവും അങ്ങേയറ്റം വായനക്ഷമവുമാണ് ഈ ചെറുനോവൽ. നോവൽ പ്രസിദ്ധീകരിച്ചുവരവെ, നോവലിനെയും നോവലിസ്റ്റിനെയും വാനോളം പുകഴ്ത്തിക്കൊണ്ട് വായനക്കാരുടെ കത്തുകൾ മാതൃഭൂമിയിലേക്ക് പ്രവഹിച്ചു. എന്നാൽ നോവലെഴുതിയ കെ സരള സാക്ഷാൽ എം ടി വാസുദേവൻ നായർ തന്നെയെന്ന് സഹപ്രവർത്തകർക്കുപോലും മനസ്സിലായില്ല. 'മാണിക്യക്കല്ലി'ന്റെ രചനാപശ്ചാത്തലത്തെയും ഈ പേരുമാറ്റത്തെയും കുറിച്ച് എം ടി ഇങ്ങനെ വിവരിക്കുന്നു.

"ബാലപംക്തി സ്ഥിരം വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കും വിധം ഒരു തുടർരചന ഉണ്ടാവണമെന്ന് എനിക്കു തോന്നി. ആ ആലോചനയാണ് ഒരു ബാല നോവലിന്റെ രചനയിൽ കലാശിച്ചത്. വീട്ടുകാരിൽ നിന്നും ബന്ധുക്കളിൽ നിന്നും നാട്ടുകാരിൽ നിന്നുമൊക്കെ പലപ്പോഴായി കേട്ട നാട്ടുകഥക ളെയും കഥാപാത്രങ്ങളെയും ചേർത്തുവെച്ച് എഴു തിയ 'മാണിക്യക്കല്ലാ'ണത്. ഒരു സ്വതന്ത്ര പുന രാഖ്യാനരീതിയാണ് ഞാനതിൽ സ്വീകരിച്ചത്. തൊട്ടടുത്ത ആഴ്ച മുതൽ 'ബാലപംക്തിയിൽ അത് പ്രസിദ്ധീകരിച്ചു തുടങ്ങി. മുഴുവനും ഒറ്റയടിക്ക് എഴുതുകയായിരുന്നില്ല. ഓരോ ആഴ്ചയും ആ ലക്കത്തിലേക്കു വേണ്ട അധ്യായം എഴുതിയു ണ്ടാക്കി. ഞാൻ ചുമതലക്കാരനായ പംക്തിയിൽ സ്വന്തം പേര് വച്ച് നോവലെഴുതാൻ എനിക്ക് മടി തോന്നി. അതുപോലെ പ്രതിഫലം സ്വയം എഴുതു



credit: E P Sajeevan

വാനും മനസ്സ് വന്നില്ല. അതുകൊണ്ടാണ് രചയി താവിന്റെ സ്ഥാനത്ത് കെ സരള എന്ന പേര് കൊടു ത്തത്. ഓരോ ലക്കത്തിന്റെയും പ്രതിഫലം ആ പേരിൽത്തന്നെ അയച്ചുകൊടുത്തു. മരുമകളും ബാലമ്മാമയുടെ മകളുമായ അവളുടെ പേരാണ് ഞാൻ സ്വീകരിച്ചത്. ഏതായാലും നോവലിന് വായനക്കാരിൽ നിന്ന് നല്ല സ്വീകരണം ലഭിച്ചു. വായനക്കാർ അടുത്ത ലക്കത്തിനായി കാത്തിരി ക്കുകയുണ്ടായി. 'മാണിക്യക്കല്ലി'നെയും സരള യെയും പ്രശംസിച്ചുകൊണ്ട് ഒട്ടേറെ കത്തുകൾ തപാലിലെത്തി. സരളയുടെ അനുവാദം വാങ്ങി യിട്ടൊന്നുമല്ല ആ പേര് വച്ചത്. നോവൽ പ്രസിദ്ധീ കരിച്ചു തുടങ്ങിയപ്പോഴും പ്രതിഫലം മുടങ്ങാതെ കിട്ടിയപ്പോഴും അവർ അദ്ഭുതപ്പെട്ടു. പിന്നീടാണ് ഞാനിക്കാര്യം അവരോട് പറയുന്നത്. 1961 ൽ 'കറന്റ് ബുക്സ്' ഈ നോവൽ പുസ്തകരൂപത്തിൽ പുറത്തിറക്കിയതും 'കെ സരള'യെന്ന പേരിൽ ത്തന്നെയാണ്. തുടർന്നു വന്ന പതിപ്പുകളിലാണ് എന്റെ പേര് ചേർത്തത്. ഇന്നും വിപണിയിലുണ്ട് 'മാണിക്യക്കല്ലി'ന്റെ പുതിയ പതിപ്പുകൾ. എത്രയോ തലമുറകൾ ആ കൊച്ചു നോവലിനെ നെഞ്ചേറ്റു ന്നത് കുറച്ചൊന്നുമല്ല എന്നെ ആഹ്ലാദിപ്പിച്ചത്."

അവിടെയും നിന്നില്ല 'മാണിക്യക്കല്ലി'ന്റെ ജൈത്ര യാത്ര. അധികം വൈകാതെ അത് ആറാം ക്ലാസ്സിലെ ഉപപാഠപുസ്തകമായി. അതോടെ നോവലിന്റെ പ്രചാരം പലമടങ്ങ് വർധിച്ചു. ഉപപാഠപുസ്തകമാ യതോടെ 'മാണിക്യക്കല്ല്' എണ്ണമറ്റ കുട്ടികളുടെ കൈകളിലെത്തി. ബാലസാഹിത്യ കൃതികളുടെ സ്വീകാര്യതയിലും പ്രചാരത്തിലും അത് മറ്റു പുസ്തക ങ്ങളെ ബഹുദൂരം പിന്നിലാക്കി.

1961 ൽ 'മാണിക്യക്കല്ല്' പുറത്തു വന്നെങ്കിലും എം ടി വളരെ കാലത്തേക്ക് ബാലസാഹിത്യരചന യിൽ നിന്ന് അകലം പാലിച്ചു. ബാലപംക്തിയിൽ കുറച്ചുകാലം കൂടി തുടർന്നശേഷം അതിന്റെ ചുമതല കൃത്യാന്തര ബാഹുല്യങ്ങൾ മൂലം മറ്റുള്ളവർക്കു വീതിച്ചു നൽകി. മൂന്ന് പതിറ്റാണ്ടിനുശേഷം 1992 ലാണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ ബാല സാഹിത്യ കൃതി കുട്ടികൾക്ക് ലഭിക്കുന്നത്. ആയിരത്തൊന്നു രാവുകളിലെ ഒരു കഥയാണ് എം ടി പുനരാഖ്യാനത്തിന് തിരഞ്ഞെടുത്തത്. സുമുറുദിന്റെ പ്രസിദ്ധമായ കഥയെ അസാധാരണ മികവോടെ അദ്ദേഹം പുനരാഖ്യാനം ചെയ്തു. സകലതും ധൂർത്തടിച്ചു നശിപ്പിച്ച മൻസൂർ എന്ന യജമാനനെ തന്റെ ബുദ്ധിസാമർഥ്യം കൊണ്ട് 'ദയ' എന്ന വിളിപ്പേരുള്ള സുമുറുദ് പ്രതിസന്ധികളിൽ നിന്ന് രക്ഷിക്കുന്നു. ആ ശ്രമത്തിനിടയിൽ നേരിടേണ്ടി വരുന്ന തടസ്സങ്ങളെയെല്ലാം അവൾ തന്റെ പാണ്ഡിത്യം കൊണ്ടും കൗശലം കൊണ്ടും മറികടക്കുന്ന രസകരമായ കഥയാണിത്. 'മലർവാടി ബാലമാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ച 'ദയ എന്ന പെൺകുട്ടി' ആ വർഷം തന്നെ പുസ്തകരൂപം പൂണ്ടു. ഒരുപാട് കുട്ടികളെ ആകർഷിക്കാൻ ഈ ബാലനോവലിനായി. 'മാണിക്യക്കല്ലി'ൽ നിന്ന് പ്രമേയ സ്വീകാരത്തിലും ആഖ്യാനശൈലിയിലും വേറിട്ടു നിന്നു ഇത്. ദയ പിന്നീട് 'ദയ എന്ന പെൺകുട്ടി എന്ന പേരിൽ ചലച്ചിത്രവുമായി. എം ടി യുടെ രചനയിൽ വേണു സംവിധാനം ചെയ്തു.

1993 ലാണ് എം ടിയുടെ മൂന്നാമത്തെ ബാലസാ ഹിത്യ നോവൽ 'തന്ത്രക്കാരി' പ്രസിദ്ധീകരിച്ചു വരുന്നത്. കേവലം ഒരു വർഷത്തെ ഇടവേളയിലാണ് ആ പുസ്തകം കുട്ടികളുടെയടുത്തെത്തുന്നതും അവരത് ആവേശത്തോടെ വായിച്ചു തീർക്കു ന്നതും. ഇതിനും ആധാരമായത് 'ആയിരത്തൊന്നു രാവുകളിലെ കഥതന്നെ. ഒമ്പത് ചെറിയ അധ്യായ ങ്ങളിലൊതുങ്ങുന്നു അത്. രാജാവിന്റെ അവഗണന യിൽ നിന്നു കരകയറാൻ തന്റെ ബുദ്ധിസാമർഥ്യം കൊണ്ട് ശ്രമിക്കുന്ന തന്ത്രക്കാരി മാധവിയും അതിൽ അവരെ സഹായിക്കുന്ന മകൾ 'കാർത്തി യുമാണ് 'തന്ത്രക്കാരി'യെ ചടുലമാക്കി നിലനിർ



credit: E P Sajeevan

ത്തുന്ന പ്രധാന കഥാപാത്രങ്ങൾ. മാധവിയുടെ തന്ത്രങ്ങൾ പൊളിക്കാൻ അധിപൻ ഗോപാലനും കുറുക്കൻ കുണ്ടുണ്ണിയും ചേർന്ന് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ദയനീയമായി പരാജയപ്പെടുകയാണ്. അവർക്കു പിണയുന്ന അമളികളെ സരസമായി അവതരിപ്പിക്കുന്നുണ്ട് നോവലിൽ. സത്യാവസ്ഥ തിരിച്ചറിയുന്ന രാജാവ് ഒടുവിൽ മാധവിയുടെ അവകാശങ്ങൾ പുനഃസ്ഥാപിച്ചു കൊടുക്കുന്നതോടെ നോവൽ അവസാനിക്കുന്നു.

അറബിക്കഥകളിൽ നിന്ന് ലഭിച്ച ഒരു കഥാതന്തുവിനെ അസാധാരണ മികവോടെ വികസിപ്പിച്ചെടുക്കുകയാണ് എം ടി 'തന്ത്രക്കാരി'യിൽ ചെയ്തത്. രാജാവിജയശേഖരനും വിജയപുരവും അധിപൻ ഗോപാലനും കുറുക്കൻ കുണ്ടുണ്ണിയും മാധവിയും കാർത്തിയുമടങ്ങുന്ന കഥാപാത്രങ്ങളെ ഒന്നടങ്കം ഭാരതീയ കഥാപരിവേഷത്തിലെത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എം ടിയുടെ മറ്റ് ബാലനോവലുകളിലില്ലാത്ത ഒരംശം ഇതിലുണ്ട്. എഴുത്തിലുടനീളം കുട്ടികൾക്ക് മതിമറന്ന് ചിരിക്കാനുള്ള വക അദ്ദേഹം കരുതിവച്ചു എന്നതാണത്. മാതൃകാ പുനരാഖ്യാന രചന എന്ന വിശേഷണം 'തന്ത്രക്കാരി'ക്ക് അവകാശപ്പെട്ടതാണ്.

എം ടി യുമായി മകൾ അശ്വതി നടത്തിയ ദീർഘമായ അഭിമുഖത്തിൽ ബാലനോവലുകളെക്കുറിച്ച് കൂടി പരാമർശിക്കുന്നുണ്ട്. ചോദ്യവും ഉത്തരവും കാണുക: "അശ്വതി: അതുപോലെ മാണിക്യക്കല്ല്, ദയ എന്ന പെൺകുട്ടി, തന്ത്രക്കാരി തുടങ്ങി കുട്ടികൾക്കുവേണ്ടി എഴുതിയവ. അത് ഈ പറഞ്ഞപോലെ ക്രിയേറ്റീവ് പ്രോസസിൽ തനിയെ ഉണ്ടായതാണോ?

എം ടി: 'മാണിക്യക്കല്ല്' ഒന്നിൽ നിന്നും എടുത്തതല്ല. അത് എന്റെ കുട്ടിക്കാലത്ത് ആരൊക്കെയോ പറഞ്ഞ ഒരു കഥയാണ്. തന്ത്രക്കാരി, ദയ ഇവ അറേബ്യൻ നൈറ്റ്സിൽ നിന്നാണ്. എന്റെ കൈയിൽ അറേബ്യൻ ട്രഷർ ഓഫ് സ്റ്റോറീസിന്റെ നാലു വാല്യങ്ങളുണ്ടായിരുന്നു. കുട്ടികൾക്കുവേണ്ടി എഴുതുന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. അവർക്കു മനസ്സിലാവുന്ന ഭാഷയായിരിക്കണം. അവർക്ക് താത്പര്യമുള്ള വിഷയവുമായിരിക്കണം. അതുകൊണ്ടാണ് 'മാണിക്യക്കല്ല്' ഇന്നും വിറ്റുകൊണ്ടിരിക്കുന്നത്."

ബാലപ്രസിദ്ധീകരണമായ 'മലർവാടി'യിൽ എം ടി യുടെ ചില ചെറിയ രചനകൾ പ്രസിദ്ധീകരിച്ചു വന്നിരുന്നു. ആ പ്രസിദ്ധീകരണവുമായി നല്ല ബന്ധമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അവർക്കുവേണ്ടി 'ദയ എന്ന പെൺകുട്ടി' എഴുതി നൽകാനും അദ്ദേഹം തയ്യാറായി. 'മലർവാടി'യെക്കുറിച്ചും 'ആയിരത്തൊന്നുരാവുകളു'മായി തനിക്കുണ്ടായിരുന്ന താത്പര്യത്തെക്കുറിച്ചും എം ടി ഓർമ്മിക്കുന്നത് ഇങ്ങനെയാണ്: "മലർവാടിയായിരുന്നു അക്കാലത്തെ മറ്റൊരു ബാലമാസിക. പല കാലത്തായി കോഴിക്കോട്ട് നിന്നും കൊച്ചിയിൽ നിന്നും അത് പ്രസിദ്ധീകരിക്കപ്പെട്ടു. 'മലർവാടി'യുടെ പത്രാധിപർ ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ ഇടയ്ക്കൊക്കെ ചില രചനകൾ അയച്ചുകൊടുക്കുകയും അവ നന്നായി പ്രസിദ്ധീകരിച്ചുവരികയും ചെയ്തു. അതുമായി ബന്ധപ്പെട്ട രസകരമായ ഒരനുഭവം ഇപ്പോഴും ഓർമ്മയിലുണ്ട്. എഴുത്തിന്റെ ആവശ്യത്തിനായി ഞാൻ പലപ്പോഴും ചെറുതുരുത്തി ടി ബി യിൽ ചില നാളുകൾ തങ്ങുക പതിവുണ്ട്. എട്ടും പത്തും ദിവസം തുടർച്ചയായി ഞാനവിടെയുണ്ടാവും. ഞാൻ ടി ബി യിലുള്ള ഒരു ദിവസം എട്ടുപത്തു കുട്ടികൾ എന്നെ കാണാനെത്തി. 'മലർവാടി'യിൽ കഥകളെഴുതുന്ന എന്നെ കാണാനാണ് അവർ വന്നത്. 'മലർവാടിയിലെ കഥാകാരൻ' എന്ന അറിവേ അവർക്കുണ്ടായിരുന്നുള്ളൂ. ഞാനെഴുതിയ മറ്റൊന്നും അവർ വായിച്ചിട്ടേ ഇല്ലായിരുന്നു. അതെന്നെ ശരിക്കും അതിശയിപ്പിച്ചു. 'ദയ എന്ന പെൺകുട്ടി'യും അതിലൂടെ പ്രസിദ്ധീകരിക്കപ്പെട്ടു."

'ആയിരത്തൊന്നു രാവുകളി'ലെ വിസ്മയകഥാലോകത്തോട് തോന്നിയ താത്പര്യം മൂലം ഞാനെഴുതിയ 'ദയ എന്ന പെൺകുട്ടി'യും 'തന്ത്രക്കാരി'യും കുട്ടികൾ നന്നായി സ്വീകരിച്ചു. കുട്ടികളോടും അവരുടെ രചനാവ്യാപാരങ്ങളോടുമുള്ള എം ടി യുടെ താത്പര്യം പ്രകടമാവുന്നതാണ് 'ബാലപംക്തി'യിൽ അദ്ദേഹം കുറച്ചുകാലം എഴുതിയ 'കുട്ട്യേട്ടന്റെ കത്തുകൾ.' എഴുത്തിനെയും വായനയെയും കുറിച്ചുള്ള മർമ്മപ്രധാനമായ വിഷയങ്ങൾ ഈ പംക്തിയിലൂടെ അദ്ദേഹം കുട്ടികൾക്ക് പകർന്നുകൊടുത്തു. അവരുടെ രചനകൾ പിഴവുകൾ തീർത്ത് അവതരിപ്പിക്കാനും അദ്ദേഹത്തിനായി. ഭാവിയുടെ വാഗ്ദാനങ്ങളായ പല എഴുത്തുകാരെയും അദ്ദേഹം കണ്ടെത്തി രംഗത്തെത്തിച്ചു. മുതിർന്ന എഴുത്തുകാർ വരെ 'ബാലപംക്തിയിലെങ്കിലും ചേർക്കണേ' എന്ന അഭ്യർഥനയോടെ രചനകൾ അയച്ചിരുന്നത് 'ബാലപംക്തി'യുടെ സ്വീകാര്യത മാനിച്ചായിരുന്നു.

# വരാഹമിഹിരൻ

പള്ളിയറ ശ്രീധരൻ

ഭാരതം ഭരിച്ചിരുന്ന ഒരു മഹാരാജാവായിരുന്നു വിക്രമാദിത്യൻ. അദ്ദേഹത്തിന്റെ രാജസദസ്സിൽ ഒമ്പത് പണ്ഡിതന്മാർ ഉണ്ടായിരുന്നു. ഇവർ നവരത്നങ്ങൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഇവരിൽ ഒരാളായിരുന്നു വരാഹമിഹിരൻ.

വരാഹമിഹിരൻ ജ്യോതിശാസ്ത്ര പണ്ഡിതനായിരുന്നു. കൂടാതെ ജ്യോതിഷത്തിലും പാണ്ഡിത്യമുണ്ടായിരുന്നു. ആദ്യകാലത്ത് 'മിഹിരൻ'എന്നു മാത്രമായിരുന്നു



വര: പി ജി ബാലകൃഷ്ണൻ

അദ്ദേഹത്തിന്റെ പേര്. വരാഹമിഹിരൻ എന്നായതിന് പിന്നിൽ ഒരു കഥ പ്രചാരത്തിലുണ്ട്.



മഹാരാജാവിന് ഒരു ആൺകുട്ടി ജനിച്ചു. ആ കുട്ടിയുടെ ജാതകചിന്ത നടത്താൻ മിഹിരനെ വിളിച്ചു. മഹാരാജാവും രാജ്ഞിയും പരിവാരങ്ങളുമൊക്കെ നോക്കിയിരിക്കെയാണ് മിഹിരൻ ജാതകചിന്ത നടത്തിയത്. പതുക്കെ മിഹിരന്റെ മുഖം മ്ലാനമായി. എന്തുപറയണമെന്നറിയാതെ മിഹിരൻ പകച്ചുനിന്നു. ചുറ്റും കൂടിയവർക്ക് എന്തോ പ്രശ്നമുണ്ടെന്ന് മനസ്സിലായി. മിഹിരൻ കാര്യം പറയാതെ മടിച്ചുനിന്നു. ഒടുവിൽ നിർബന്ധത്തിനു വഴങ്ങി മിഹിരൻ പ്രസ്താവിച്ചു.

"പതിനെട്ടാമത്തെ വയസ്സിൽ രാജകുമാരൻ കൊല്ലപ്പെടും."



ആളുകൾ ഞെട്ടിവിറച്ചു. രാജ്ഞി പൊട്ടിക്കരഞ്ഞു. മിഹിരനെ ഉടനെ വധിക്കണമെന്നുപോലും സദസ്സിൽ നിന്ന് ആവശ്യം ഉയർന്നു. മഹാരാജാവും ദുഃഖിതൻ തന്നെ. അദ്ദേഹം തന്റെ തീരുമാനം അറിയിച്ചു. "തൽക്കാലം മിഹിരനെ വധിക്കണ്ട. പതിനെട്ടു വയസ്സാകട്ടെ. കുമാരന് എല്ലാവിധ സംരക്ഷണവും നൽകുക." രാജകൽപ്പന അംഗീകരിക്കപ്പെട്ടു. രാജകുമാരന് എപ്പോഴും സുരക്ഷ ഏർപ്പാടു ചെയ്തു.

കുമാരന് പതിനെട്ടു വയസ്സായി. കുമാരന്റെ സംരക്ഷണം വർധിപ്പിച്ചു. ഓരോ നിമിഷവും രാജകുമാരനിൽ അതീവ ശ്രദ്ധ ഏർപ്പാടാക്കി.

**ഭാരതം ഭരിച്ചിരുന്ന ഒരു മഹാരാജാവായിരുന്നു വിക്രമാദിത്യൻ. അദ്ദേഹത്തിന്റെ രാജസദസ്സിൽ ഒമ്പത് പണ്ഡിതന്മാർ ഉണ്ടായിരുന്നു. ഇവർ നവരത്നങ്ങൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഇവരിൽ ഒരാളായിരുന്നു വരാഹമിഹിരൻ. വരാഹമിഹിരൻ ജ്യോതിശാസ്ത്ര പണ്ഡിതനായിരുന്നു. കൂടാതെ ജ്യോതിഷത്തിലും പാണ്ഡിത്യമുണ്ടായിരുന്നു. ആദ്യകാലത്ത് 'മിഹിരൻ' എന്നു മാത്രമായിരുന്നു അദ്ദേഹത്തിന്റെ പേര്. വരാഹമിഹിരൻ എന്നായതിന് പിന്നിൽ ഒരു കഥ പ്രചാരത്തിലുണ്ട്.**

എല്ലാം നിഷ്ഫലം. ഒരുദിവസം പെട്ടെന്ന് പ്രതീക്ഷിക്കാതെ ഒരു 'വരാഹം' അഥവാ പന്നി ഓടിവന്ന് കുമാരനെ കുത്തി മലർത്തി. ആർക്കും തടുക്കാൻ സാധിച്ചില്ല. അങ്ങനെ രാജകുമാരൻ മരണപ്പെട്ടു. ഈ സംഭവം എല്ലാവരെയും ദുഃഖത്തിലാഴ്ത്തി. മഹാരാജാവ് മിഹിരനെ ആളയച്ച് വിളിച്ചുവരുത്തി.

"മിഹിരൻ താങ്കൾ ജയിച്ചിരിക്കുന്നു. ഞാനാണ് പരാജയപ്പെട്ടത്."

മിഹിരൻ ഭവ്യതയോടെ പറഞ്ഞു: "മഹാരാജൻ അടിയൻ ജയിച്ചില്ല. ജ്യോതിശാസ്ത്രവും ജ്യോതിഷവുമാണ് ജയിച്ചത്. അടിയന് ഇതിൽ തീരാത്ത ദുഃഖമുണ്ട്. മിഹിരന് ഒരു വരാഹമുദ്ര സമ്മാനിക്കപ്പെട്ടു. അങ്ങനെ മിഹിരൻ വരാഹമിഹിരൻ എന്നറിയപ്പെടാൻ തുടങ്ങി.

# വാവക്കുട്ടിയുടെ ലോകം

## ലക്ഷ്മീദേവി

(എങ്ങോ കളഞ്ഞുപോയ ബാല്യത്തിന്റെ, ഇങ്ങിനിവരാതവണ്ണം മറഞ്ഞുപോയ മനോഹരമായ കാലത്തിന്റെ ഓരേട്)



കിഴക്കുവശത്തുനിന്നും അമ്മൂമ്മയുടെ പ്രസാദ മധുരമായ ശബ്ദം കേട്ടു "കുഞ്ഞോ, എണീറ്റാട്ടെ നേരം വെളുത്തു." വാവക്കുട്ടി മെല്ലെ കണ്ണു തുറന്നു. നേരം നല്ലോണം വെളുത്തിരിക്കുന്നു. കൊതുകുവല പതുക്കെ മാറ്റി കട്ടിലിന്റെ പൊക്കം കൂടിയ വശത്തുകൂടി ചാടിയിറങ്ങി വരാന്തയിലെത്തി.

"പൊന്നുമക്കളുണർന്നോ?" ചാരുകസേരയിൽ നിന്നും അപ്പൂപ്പനാണ്.

'വേഗം പല്ലുതേച്ചിട്ട് വന്നാട്ടെ', 'പല്ല് പാട്ടുപാടുന്ന തുവരെ തേക്കണം', 'കുഞ്ഞമ്മയോട് കുളിപ്പിക്കാൻ പറഞ്ഞാട്ടെ.' അമ്മൂമ്മ ഓരോന്നും ഇങ്ങനെ പറയുകയാണ്. കുഞ്ഞമ്മ കുളിപ്പിച്ചാൽ ഒരു പ്രശ്നമേയുള്ളൂ. കൺപോളയുടെ മുകളിൽ വരെ സോപ്പ് തേയ്ക്കണമെന്ന് നിർബന്ധം പിടിക്കും. ഉറപ്പായും അത് വാവക്കുട്ടിയുടെ കണ്ണിനകത്ത് പോകും. പിന്നെ കരച്ചിൽ, ബഹളം, തന്നത്താൻ കുളിച്ചോളാമെന്നു പറഞ്ഞാൽ കേൾക്കത്തുമില്ല. കുളിച്ച് പാലുകുടിച്ചിട്ട് വന്നപ്പോൾ അടുക്കളയിൽ അമ്മ തൈര് കലക്കുന്നു. ഒരു പലകയിട്ട് അടുത്തിരുന്നു. മത്തുകൊണ്ടു കലക്കുമ്പോൾ കലത്തിലെ തൈരിൽ മഞ്ഞ നിറമുള്ള വെണ്ണത്തുണ്ടുകൾ ഉരുണ്ടുരുണ്ടു വരുന്നതു കാണാൻ നല്ല രസം. എല്ലാം കൂടെ ഒരു വലിയ ഉണ്ടയാവുമ്പോൾ അമ്മൂമ്മ വായിലേക്ക് വച്ചുതരും.

ഇന്ന് സ്കൂളില്ല. കാലത്ത് കുറച്ചുനേരം കളിക്കാം എന്നു വിചാരിച്ചപ്പോഴേക്കും അമ്മൂമ്മ വിളിച്ചു. 'രാമശബ്ദം മുഴുവനും കാണാതെ പഠിച്ചോ?' 'അമരകോശം ചൊല്ലിയോ?' 'കണക്കുകൾ ചെയ്തു തീർത്തോ?'

കണക്കു ടീച്ചർ പത്മാവതിയമ്മയെ വാവക്കുട്ടിക്ക് ഇഷ്ടമാണ്. വഴക്കു പറയില്ല. കൂട്ടുകാരി അംബികയ്ക്ക് ഇടയ്ക്ക് പിച്ചുകിട്ടുമെങ്കിലും വാവക്കുട്ടിക്ക് അടിയും പിച്ചുമൊന്നും കിട്ടാറില്ല. കുടയും കൈയിൽ ചരിച്ചു പിടിച്ച് ദൂരെനിന്നുള്ള ടീച്ചറുടെ ആ വരവു കാണാൻ നല്ല രസമാണ്.

വേലിക്കലെ ആടലോടകങ്ങളും മുരിക്കുകളും മുഴുവൻ പൂത്തിരിക്കുന്നു. ഓണക്കാലം വരാറായി. ആടലോടകത്തിന്റെ ഇളം വയലറ്റ് പൂക്കളും മുരിക്കിന്റെ തെളിഞ്ഞ ചുമപ്പു പൂക്കളും ഇടകലർന്ന് നിൽക്കുകയാണ്. ഇടയ്ക്കിടയ്ക്ക് കൊന്നയുമുണ്ട് മുരിക്കിന്റെ ചന്ദ്രക്കല പോലുള്ള പൂക്കൾ കാണാൻ എന്തൊരു ഭംഗിയാണ്.

ഓണക്കാലമായാൽ ഒരിനം മഞ്ഞപ്പക്കികൾ വിരുന്നു വരും. എല്ലാത്തരം പൂക്കളും കൺതുറക്കും, തുമ്പ തൊട്ട് അങ്ങ് വലിയ തൺഡർലില്ലി വരെ എല്ലാം. ഇടി മുഴങ്ങുമ്പോഴാണത്രെ തൺഡർ ലില്ലി പൂക്കുക. പലതരം ശലഭങ്ങളും കിളികളും എവിടെ നിന്ന് എന്നറിയാതെ മരങ്ങളിൽ

മുഴുവൻ നിറയും. തൺഡർ ലില്ലിയുടെ കാര്യം നല്ല രസമാണ്. തലേന്ന് വൈകിട്ട് മുറ്റത്ത് ഒന്നുമുണ്ടാകുകയില്ല. പിറ്റേന്ന് രാവിലെ വലിയ ഒരു പൂവ് തറയിൽ നിന്നും ഉയരത്തിൽ പൊങ്ങി വിരിഞ്ഞു നിൽക്കുന്നതു കാണാം.

ഇന്നാള് മാവിൽ കറുത്ത തൊപ്പിയുള്ള ഒരു വെളുത്ത കിളിയെ പുതിയതായി കണ്ടു. വലിയ നീണ്ട വാല്. കുരുത്തോലപോലെ. നാകമോഹൻ എന്നാണത്രേ അതിന്റെ പേര് ആൺകിളി വെളുത്തിരിക്കും, പെൺകിളി ബ്രൗൺ നിറത്തിലും. തൊപ്പി രണ്ടുപേർക്കും ഒരുപോലെ കറുത്തത്.

വേറൊരു ദിവസം കണ്ണിൽ നിറച്ചും കരി വാരിപ്പൂശിയ ഒരു മഞ്ഞക്കിളിയെ കണ്ടു. മഞ്ഞക്കറുപ്പൻ എന്നാണ് അതിനെ വിളിക്കുന്നത്. എത്ര തരം കിളികളാണ് പറമ്പിൽ വരാറുള്ളത്. തത്തയും പച്ചക്കിളിയും മൈനയും വണ്ണാത്തിയും ചുമന്ന കണ്ണുരുട്ടുന്ന ഉപ്പനും സംഘമായി നടക്കുന്ന കരിയിലക്കിളിയും(അനങ്ങാതിരുന്നാൽ ശരിക്കും കരിയില തന്നെ) പിന്നെ ചാട്ടുളിപോലെ പോകുന്ന നീലപ്പൊൻമാനുമൊക്കെ. തലയിൽ വിശേഷപ്പെട്ട തൊപ്പി വെച്ച ഉപ്പുപ്പൻ എന്നൊരു കിളിയുമുണ്ട്.

ഓണത്തിന് ഡൽഹിയിൽ നിന്നും അച്ഛനും അമ്മയും വരുമെന്നതാണ് വേറൊരു കാര്യം. വാവക്കുട്ടിക്ക് സമ്മാനങ്ങളും ഉടുപ്പുകളും മറ്റുമായി.

അത്തത്തിനു മുമ്പു തന്നെ പൂവിടാൻ തട്ടൊരുക്കും. മണ്ണ് ചെത്തിക്കുഴച്ച് തട്ടിടുന്നത് മിക്കവാറും കൃഷ്ണപിള്ളയായിരിക്കും. തട്ടുണ്ടാക്കിക്കഴിഞ്ഞ് അതിൽ ചാണകം മെഴുകും. അത്തത്തിൻ നാൾ ചെറിയ പൂക്കളം. അങ്ങനെ ഓരോ ദിവസവും പൂക്കളം വലുതായി വലുതായി വരും. ഉത്രാടത്തിന് ഏറ്റവും വലിയ പൂക്കളം. ആദ്യം തുളസിയിലയിൽ തുമ്പപ്പൂ വച്ച് തുടങ്ങുന്ന പൂക്കളം മുഴുവൻ തട്ടുകളും നിറഞ്ഞ് താമരപ്പൂവ് കുട കുത്തി മാവേലിയെ എതിരേൽക്കാൻ വിരിഞ്ഞുനിൽക്കും. രാത്രിയിൽ വിളക്കുകളെല്ലാം കൊളുത്തിവെച്ച് എല്ലാവരും പൂക്കളത്തിനു ചുറ്റും കൂടും. പാട്ടും കളിയുമെല്ലാമുണ്ടാകും. ചാരുകസേരയിൽ അപ്പൂപ്പനും.

തിരുവോണത്തിന് കാലത്ത് തട്ടൊക്കെ മെഴുകി അമ്മിക്കുഴവിയിൽ അരിപ്പൊടിയും മഞ്ഞളും കലക്കി തളിച്ച് തട്ടിൽ വയ്ക്കും. തുമ്പക്കുടം പറിച്ച് തട്ട് അലങ്കരിക്കും. തട്ടത്തിൽ പൂവട ഉണ്ടാക്കിയതും അടുത്ത് അമ്പും വില്ലും വയ്ക്കും. പച്ചീർക്കിലാണ് അമ്പ്. വില്ല് കുലച്ച് അടയെ ലക്ഷ്യമാക്കി ഓരോരുത്തരായി അമ്പുതൊടുക്കണം. വിളക്ക് തൊട്ടു വണങ്ങിയിട്ടുവേണം ഈ അഭ്യാസം. നമ്മുടെ അമ്പ് ഏതടയിൽ കൊള്ളുന്നുവോ ആ അട നമുക്ക്. എയ്തെടുത്ത് തിന്നുന്ന അടയ്ക്ക് ഒരു പ്രത്യേക സ്വാദുണ്ട്. പിന്നീട് ചട്ടുകംകൊണ്ട് മൺതട്ടിന്റെ മുകൾഭാഗം ഇളക്കിയെടുത്ത് ആർപ്പുവിളിച്ചുകൊണ്ട് എല്ലാവരും കൂടെ അത് കിണറ്റിനകത്തുകൊണ്ടിടും. ഒരോണം കൂടി ഓർമകളിലേക്ക്.

പിന്നെ കൊയ്ത്തിനുള്ള കാത്തിരിപ്പായി. കൊയ്ത്തുകാലത്തു നെല്ലു മാത്രമല്ല മുറ്റം മുഴുവൻ വയ്ക്കോലും നിറയും. തുറുകൂട്ടുന്നത് ഒരു വലിയ പണി തന്നെയാണ്. രാത്രി വന്ന് നേരം വെളുക്കുമ്പോഴേക്കും പറമ്പിലങ്ങോളമിങ്ങോളം വയ്ക്കോൽ



വര: രശ്മി രാഘവൻ

കൂനകൾ ഉയരും. കൊമ്പി, കറുമ്പി, തുളസി, ശ്യാമള തുടങ്ങി പല പല പേരുകളിലുള്ള പശുക്കൾക്ക് തിന്നാനാണവയെല്ലാം. വയ്ക്കോൽ വലിക്കുന്നത് വാവക്കുട്ടിക്ക് വലിയ ഇഷ്ടമാണ്. ഓരോ പശുവിനും ആവശ്യമുള്ളിടത്തോളം വയ്ക്കോൽ കൊടുക്കുന്നതും. ഇടയ്ക്ക് കൊമ്പി എന്ന പശുവിന്റെ കൈയിൽ നിന്നും വയറ്റിൽ ഒരു കുത്തു കിട്ടിയതിന്റെ നീറ്റലും മറന്നിട്ടില്ല.

പിണ്ണാക്കു കുതിർക്കാനിടാനും കാടിയും കഞ്ഞിവെള്ളവും കൊടുക്കാനും പരുത്തിക്കുരു ആട്ടുന്നതു കാണാനും വാവക്കുട്ടിക്ക് ഒരുപാട് കൗതുകമാണ്. വലിയ ചരുവത്തിൽ പശുക്കൾക്ക് വെള്ളം കൈയിട്ടു കലക്കിക്കൊടുക്കുമ്പോൾ ഒരു പ്രത്യേക ശബ്ദത്തോടെ അവ മുകളിലേക്ക് വലിച്ചു കുടിക്കും. സാധാരണ നമ്മൾ കെട്ടുന്നതുപോലെയല്ല കയർ കൊണ്ട് പശുവിനെ മരത്തിൽ കെട്ടുന്നതെന്നും വാവക്കുട്ടി പഠിച്ചത് ആയിടെയാണ്.

ചാണകം ഉരുട്ടി ഭസ്മം ഉണ്ടാക്കണമെങ്കിൽ ശിവരാത്രി വരെ കാത്തിരിക്കണം. ശിവരാത്രിയുടെ തലേന്ന് സന്ധ്യയ്ക്ക് ഉരൽക്കളത്തിൽ ഉമി കൂന കൂട്ടിയിടും. അതിനടിയിൽ ചാണകം ഉരുട്ടി ഉരുളകളാക്കി കുഴിച്ചിടാൻ വാവക്കുട്ടിയും കൂടും. സന്ധ്യയോടെ ഉമിക്ക് തീയിടും. രാത്രി മുഴുവൻ ഉമി വെന്തു നീറി നേരം വെളുക്കുമ്പോൾ ചാണക ഉണ്ടകളെല്ലാം ഭസ്മക്കട്ടകളായി മാറിയിരിക്കുന്നതു കാണാം. ചാണകം വട്ടത്തിൽ പരത്തി മതിലിൽ ഒട്ടിച്ചു വയ്ക്കുകയും ചെയ്യും. ഉണങ്ങുമ്പോൾ കത്തിക്കാനാണത്രേ.

തെക്കേവശത്ത് ഒരു ചാണകക്കുഴിയുണ്ട്. അതിൽ ഇടയ്ക്ക് നോക്കിയാൽ പൊന്തിവന്ന് മാഞ്ഞുപോകുന്ന വെളുത്തു തടിച്ച കുണ്ടളപ്പുഴുക്കളെ കാണാം.

തെക്കേ വരാന്തയിലാണ് വാവക്കുട്ടിയുടെ കളിപ്പാട്ടങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. എല്ലാം പലവിധ ജന്തുക്കൾ. മനുഷ്യരെക്കാളും വാവക്കുട്ടിക്ക് ഇഷ്ടം മൃഗങ്ങളേയാണ്. പോരാഞ്ഞ് പല്ലാങ്കുഴി എന്നൊരു കളിയുണ്ട്. കുഴിയുള്ള പലകയിൽ മഞ്ചാടിക്കുരുക്കൾ എണ്ണമനുസരിച്ച് നിറച്ചുള്ള ഒരു കളി. അതിന് വാവക്കുട്ടിയുടെ കൂടെ കൊച്ചുകുട്ടിയമ്മച്ചിയും കൂടും. അമ്മൂമ്മയുടെ കുഞ്ഞമ്മയാണ് തലമുഴുവൻ നരച്ച കൊച്ചുകുട്ടിയമ്മച്ചി.

അമ്മൂമ്മയ്ക്ക് പൂജയ്ക്ക് പൂക്കൾ ശേഖരിച്ച് കൊടുക്കുന്നത് വാവക്കുട്ടിയാണ്. പവിഴമല്ലി, മഞ്ഞയും ചുവപ്പുമായ തെറ്റിപ്പൂക്കൾ, ചെമ്പരത്തി, കനകാംബരം, തുളസി തുടങ്ങിയവയൊക്കെയാണ് പൂജയ്ക്ക് ഉപയോഗിക്കുന്നത്. ചെമ്പരത്തിതന്നെ എത്ര തരം. അഞ്ചിതളുള്ള ചെമ്പരത്തി, അടുക്കു ചെമ്പരത്തി, തൂക്കു ചെമ്പരത്തി, വെള്ള, കാവി, നീല, റോസ് നിറങ്ങളുള്ളവ - അങ്ങനെ പലവക. വിശേഷ ദിവസങ്ങളിൽ പൂജയ്ക്ക് നേദിക്കാൻ അമ്മൂമ്മ തിരുമധുരമുണ്ടാക്കും. വെള്ളിപ്പാത്രത്തിൽ കദളിപ്പഴം (രസകദളിയല്ല. ദേവകദളിയാണത്രെ ഇതിനു നല്ലത്), നെയ്യ്, പഞ്ചസാര, തേൻ, ഉണക്കമുന്തിരിങ്ങ ഇവ ചേർത്തതാണ് തിരുമധുരം. എന്തൊരു രുചിയാണതിന്! കൂട്ടത്തിൽ മണിയടിയുടെ നാദവും കർപ്പൂരത്തിന്റെ മണവും. അമ്മൂമ്മയ്ക്ക് ചാണയിൽ ചന്ദനത്തടി അരച്ചുകൊടുക്കുന്നത് വാവക്കുട്ടിയുടെ ജോലിയാണ്. വലിയ വെളുത്തു മിനുത്ത ഒരു കല്ലാണ് ചാണ. അതിന്റെ ഒരറ്റത്ത് ചന്ദനത്തടി ഉരച്ചുരച്ച് കുറേക്കഴിയുമ്പോൾ ചന്ദനം പ്രത്യക്ഷപ്പെടും. അതുപോലെ തിരികല്ലിൽ പയറു പൊടിക്കുക, ബാലൻസ് തെറ്റാതെ ഒരു കമ്പിൽ പിടിച്ച് വള്ളിയിൽ നിന്നും പറിച്ചെടുത്ത കുരുമുളക് ചവിട്ടിക്കൊഴിക്കുക ഇതെല്ലാം വാവക്കുട്ടിക്കിഷ്ടപ്പെട്ട പരിപാടികളാണ്.



ഇപ്പോഴാണോർത്തത്, അടുത്തമാസം പിറന്നാളാണ്. പിറന്നാളിന് സ്കൂളിൽ പോകണ്ട. കാലത്ത് എണീറ്റ് കുളിച്ച് പൂജാമുറിയിൽ

തൊഴുത് പുതിയ ഉടുപ്പിട്ടു വരുമ്പോൾ ഊണുമേശ നിറയെ പല വലിപ്പത്തിലുള്ള സമ്മാനപ്പൊതികൾ നിരത്തി വെച്ചിരിക്കും. ഓരോന്നായി ഒരറ്റത്തുനിന്നും തുറന്നു നോക്കുന്നതിലുള്ള രസം ഒന്നു വേറെ തന്നെ. പിന്നെ ഉച്ചയ്ക്ക് സദ്യ കാണും. എല്ലാ വിഭവങ്ങളും വിളമ്പി ഒരില തിരുവാറന്മുളയപ്പന് നേദിക്കും. എന്നിട്ടേ മറ്റുള്ളവർ കഴിക്കൂ. ചുറ്റുപാടുമുള്ള കുട്ടികളെയെല്ലാം വിളിച്ച് സദ്യകൊടുക്കും. പിന്നെ വൈകുന്നേരം വരെ



കളി. ഏറ്റവും പ്രധാനം ഊഞ്ഞാലാട്ടമാണ്. ഏതെങ്കിലുമൊരു മരത്തിൽ സ്ഥിരമായി ഒരു ഊഞ്ഞാൽ കാണും. ഊഞ്ഞാലാടാതെയും മരത്തിൽ കേറാതെയും മതിലിന്റെ മുകളിലൂടെ നടക്കാതെയും ഒരു ദിവസവും അവസാനിക്കുന്നില്ല.

വൈകുന്നേരം പാറു അക്കൻ കാച്ചിത്തരുന്ന പാൽ കുടിച്ച് അക്കന്റെ കൈയും പിടിച്ച് മ്യൂസിയത്ത് കളിക്കാൻ പോകും.

'കുഞ്ഞോ', അമ്മൂമ്മ വിളിക്കുന്നു.' 'ഓടിവായോ, ദേണ്ടെ, ഒരാന വന്നിരിക്കുന്നു.' ഏതോ അമ്പലത്തിലെ ആനയാണ്. ഇടയ്ക്കിടെ മടൽ ചോദിച്ച് വീട്ടിൽ വരും. കരുതി വച്ചിരുന്ന പഴവും ശർക്കരയുണ്ടയും അമ്മൂമ്മ പാപ്പാനു കൊടുത്തു. ആന ഒന്നൊന്നായി അവ അകത്താക്കി. രണ്ടാം പാപ്പാൻ തെങ്ങിൽ കയറി ആവശ്യമുള്ള ഓല വെട്ടിയെടുത്തു. കുറേ നേരം നിന്നശേഷം ഓല താങ്ങിക്കൊണ്ട് ആന പതുക്കെ നടന്നുപോയി

കിഴക്കുവശത്ത് അടുത്ത വീട്ടിലെ മരത്തിൽനിന്നും പൊഴിയുന്ന മധുരമുള്ള അരിനെല്ലിക്കയുണ്ട്. എത്ര തിന്നാലും മതിവരില്ല.

സ്കൂളടച്ചിരിക്കുമ്പോഴുള്ള വേറൊരു രസമാണ് മാങ്ങാപറിക്കൽ. വീട്ടിലെ എല്ലാ മാവുകളും നിറയെ കായ്ക്കും. വിളഞ്ഞ മാങ്ങ താഴെ വീണു തല്ലിച്ചതയാതെ കുട്ടയിൽ വയ്ക്കോൽ നിറച്ച് അതിൽ പിടിച്ചെടുക്കാൻ പ്രത്യേക കഴിവു വേണം. മാങ്ങ പറിക്കാൻ ആരെങ്കിലും തോട്ടയുമായി മാവിൽ കയറും. ഒരാൾ കുട്ടയുമായി താഴെ നിൽക്കും. മാങ്ങ പിടിക്കാനുള്ള കഴിവ് വാവക്കുട്ടിക്കും കുറേശ്ശേയൊക്കെയുണ്ട്. വിളഞ്ഞ മാങ്ങ ഉപ്പുംകൂട്ടി കഴിക്കുന്നതിന്റെ രുചി. ഹായ്! കോട്ടുക്കോണം, വരിക്ക, നീലം, കിളിച്ചുണ്ടൻ തുടങ്ങി പലതരം മാവുകളുണ്ട് വീട്ടിൽ.

ഇനി കുറച്ചുനേരം പൊഴിഞ്ഞു വീഴുന്ന പൂക്കളെ വച്ച് രാജകുമാരനും രാജകുമാരിയും കളിക്കാം. ചെടിയിൽ പൂത്തുവിരിഞ്ഞു നിൽക്കുന്ന പൂക്കൾ പറിക്കാൻ തോന്നില്ല. രാവിലെ പൊഴിഞ്ഞവയിൽ നല്ല നല്ല പൂക്കൾ കാണാം. പവിഴമല്ലിപ്പൂക്കൾ അമ്മൂമ്മയ്ക്കു പൂജയ്ക്കു വേണം. ഇലഞ്ഞിപ്പൂക്കൾ മാല കോർക്കാൻ കൊള്ളാം. ചുവന്ന ചെമ്പകപ്പൂവാണ് വാവക്കുട്ടിക്കിഷ്ടം. നടുക്ക് മഞ്ഞ നിറം കാണാം.

മഴക്കാലം വരുമ്പോഴാണ് ശരിക്കും രസം. ചെകിടടപ്പിക്കുന്ന ശബ്ദത്തോടെയുള്ള ഇടിയും മിന്നലും. ആകാശം പെട്ടെന്ന് മൂടിക്കെട്ടുന്നു. 'പശുക്കളെ അഴിച്ചകത്തുകെട്ട്' അമ്മൂമ്മയുടെ ആജ്ഞ. 'പാത്രങ്ങളെല്ലാമെടുത്ത് അകത്ത് വയ്ക്ക്'. വലിയ മഴ തുടങ്ങിക്കഴിഞ്ഞാൽ വാവക്കുട്ടിയെ തറയിൽ നിൽക്കാൻ സമ്മതിക്കുകയില്ല. കട്ടിലിൽ മൂടിപ്പുതച്ചിരുന്നോളണം. എന്തൊരു തണുപ്പായിരുന്നു അന്നൊക്കെ. വീട്ടിലെ എല്ലാവരും മിക്കവാറും ഒരു മുറിയിൽ തന്നെ കാണും, മഴ തീരും വരെ.

തലേന്നത്തെ മഴ കഴിഞ്ഞ് ഭൂമി മുഴുവൻ കുളിച്ചെഴുന്നേറ്റതുപോലെ ചെടികളും മരങ്ങളും മഴവെള്ളത്തിൽ കനം തൂങ്ങി കൂനിക്കൂടി നിൽക്കുന്നു. വാവക്കുട്ടി കണ്ടു - മുറ്റത്ത് പുതിയതായി പൊട്ടിയുണർന്ന ഒരു ഉറവ. അത് ഒഴുകുകയാണ്, താഴോട്ട് താഴോട്ട്...

# ആമയും മുയലും നടക്കാനിറങ്ങുന്നു

ഇ ജിനൻ

കാലങ്ങൾക്കിപ്പുറമാമയും മുയലും
കാത്തിരുന്നു കണ്ടുമുട്ടി
ഒപ്പം നടക്കാനിറങ്ങി,യവർ തമ്മിൽ
ഒട്ടു സംസാരവുമായി
ആമ ചോദിച്ചു,നാമൊപ്പമല്ലേ,യന്ന്
ആഞ്ഞു നടക്കാൻ തുടങ്ങി...?
എത്രയോ ദൂരം ഞാൻ പിന്നിട്ട നേരം
എങ്ങു മറഞ്ഞു നീ പിന്നെ?
ഇത്രയും കാലമൊളിച്ചതെങ്ങ്? ഞാൻ
എത്രയന്വേഷിച്ചു നിന്നെ
യാത്ര വഴിമുട്ടി നിന്നൊരു നേരം ഞാൻ
മാത്രമായൊറ്റയ്ക്ക് നിൽക്കെ,
ആർപ്പുവിളികൾ മുഴങ്ങുന്നു ചുറ്റിലും
ആമ ജയിച്ചെന്നുറക്കെ.
ഒക്കെയും ശ്രദ്ധിച്ചു കേട്ടൂ മുയൽ പിന്നെ
ഒട്ടു ചോദ്യങ്ങളായ് നിന്നു
ആരാണ് നമ്മളെ പന്തയം വെപ്പിച്ച
താർക്കാണതിന്നധികാരം?
ജീവിതമൊപ്പം തുടങ്ങിയോർ നമ്മൾ
ഈ വിധം ഞാൻ തോറ്റുപോയി..
എന്നാണ് കഥയിലെ കാതലെന്നാലും
എല്ലാം കഥ മാത്രമല്ലേ..!
നീയിഴഞ്ഞു നീ, നിന്റെ വഴിക്ക് പോയ്
ഞാൻ കുതിച്ചോടി,യെന്റെ വഴിക്കും.
എന്റെയായുസ്സ് തീർന്നത് കാരണം
എന്നോ ഞാൻ വീണത് സത്യം
നിന്റെയായുസ്സത്ര നീണ്ടതു കാരണം
നീ തുടർന്നല്ലോ, നിൻ ദൗത്യം.
ഇത്രയുമാണല്ലോ കാര്യ,മിതിലിപ്പോൾ
ആര് ജയിച്ചാര് തോറ്റു?
കഥയിൽ ചോദ്യമില്ലല്ലോ, നാം മറ്റൊരു
കഥയായി വീണ്ടുമെത്തുന്നു.!

വര: ടി ആർ രാജേഷ്



# ഹാംഗ്സൺ ഡൂംഗ്

മഹേശൻ കാവനാട്



ഗുഹ എന്നുകേട്ടാൽ എന്തായിരിക്കും കൂട്ടുകാരുടെ മനസ്സിൽ വരുന്നത്? ഇരുട്ട് നിറഞ്ഞ ശൂന്യമായ ഒരു അറ അല്ലേ. അതിനകത്തേക്ക് കയറുവാൻ എല്ലാവർക്കും ചെറിയ ഭയം ഉണ്ടാകും. എന്നാൽ സൂര്യപ്രകാശവും കാടും പുഴയും മഞ്ഞും മലയും വെള്ളച്ചാട്ടവുമൊക്കെയുള്ള മനോഹര കാഴ്ചകളുടെ ഒരു ഗുഹ ഒന്നു സങ്കൽപ്പിച്ചു നോക്കൂ. അദ്ഭുതം തോന്നുന്നുണ്ടോ? സങ്കൽപ്പമല്ല കേട്ടോ. ഇതു യാഥാർഥ്യമാണ്. നോർവെയിൽ സ്ഥിതിചെയ്യുന്ന ഈ ഗുഹ, ലോകത്തിലെ ഏറ്റവും വലിയ പ്രകൃതിദത്ത ഗുഹയാണ്. 9.4 കിലോമീറ്റർ നീളവും 503 മീറ്റർ ഉയരവും 175 മീറ്റർ വീതിയുമുള്ള ഈ ഗുഹയാണ് ഹാംഗ്സൺ ഡൂംഗ്. കേട്ടിട്ട് കാണാൻ തോന്നുന്നില്ലേ?

ഗുഹയ്ക്കുള്ളിൽ കയറിയാൽ 1.5 കിലോമീറ്റർ ദൂരം വരെ വെളിച്ചം കാണാം. രാവിലെ 11 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ പുറത്തു നിന്നുള്ള സൂര്യരശ്മി ഇടുങ്ങിയ ദ്വാരത്തിലൂടെ കടന്നുവരുന്നത് കാണാൻ നല്ല ഭംഗിയാണ്. കേക്കിന്റെ രൂപത്തിലുള്ള മനോഹരമായ ഒരു വലിയ പാറയുണ്ട്. വിവാഹ കേക്ക് എന്നാണ് ഈ പാറയെ പറയുന്നത്. ഇത് നല്ലൊരു വ്യൂ പോയിന്റായതിനാൽ വിനോദസഞ്ചാരികൾ ഈ പാറയിൽ കയറി ഫോട്ടോ എടുക്കാറുണ്ട്. അവിടെ വൈവിധ്യമാർന്ന സസ്യങ്ങളുണ്ട്. നദി ഒഴുകുന്നതും വഴിനീളെ വലിയ മുഴക്കത്തോടെയുള്ള വെള്ളച്ചാട്ടങ്ങളും മൂടൽമഞ്ഞും കുളങ്ങളും അങ്ങനെ അമ്പരപ്പിക്കുന്ന കാഴ്ചകളെല്ലാം ഗുഹയ്ക്കുള്ളിലുണ്ട്. സന്ദർശകർക്ക് ട്രക്കിംഗിനും നീന്താനും വിശ്രമിക്കാനും സൗകര്യങ്ങളുമുണ്ട്. ഗുഹയുടെ മേൽക്കൂരയിൽ നിന്നും ഒരു ചെറിയ പന്തിന്റെ വലിപ്പത്തിൽ കാൽസ്യം കാർബണേറ്റ് കല്ലുകൾ ധാരാളം പൊഴിഞ്ഞ് താഴേക്കു വീണു കിടപ്പുണ്ട്. അവ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങിക്കിടക്കുന്നത് സുന്ദരമായ ഒരു കാഴ്ചയാണ്. ഈ കല്ലുകളെ ഗുഹാമുത്തുകൾ എന്നാണ് അറിയപ്പെടുന്നത്. 300 ദശലക്ഷം വർഷത്തിലേറെ പഴക്കമുള്ള മത്സ്യങ്ങളും ഒച്ചുകളും കോടിക്കണക്കിന് ചത്ത കടൽജന്തുക്കളും ചേർന്ന് ഫോസിലുകളുടെ ഗ്യാലറിയായ ഈ ഗുഹയ്ക്ക് രണ്ട് പ്രവേശന കവാടങ്ങളുണ്ട്.

ചത്ത കടൽജീവികളുടെ അസ്ഥികളിൽ നിന്നും ഷെല്ലുകളിൽ നിന്നും ഉരുത്തിരിഞ്ഞ് ചുണ്ണാമ്പു കല്ലുകളാൽ രൂപപ്പെട്ട ഈ ഗുഹ സമുദ്രനിരപ്പ് താഴ്ന്നപ്പോൾ ഗുഹകളുടെ രാജാധിരാജനായി ഉയർന്നുവരികയായിരുന്നു. ഒരുവർഷം 1000 പേർക്ക് മാത്രമേ ഗുഹയിലേക്ക് പ്രവേശനമുള്ളൂ. ഒരാൾക്ക് ഏകദേശം 3000 ഡോളർ ചെലവാകും.

# സി വി രാമനും ദേശീയ ശാസ്ത്രദിനവും

ഫെബ്രുവരി 28
ദേശീയ ശാസ്ത്രദിനം

സീമ ശ്രീലയം



ഫെബ്രുവരി28 ദേശീയ ശാസ്ത്രദിനം ആണെന്നറിയാമല്ലോ. ഇത് സി വി രാമനുമായി ബന്ധപ്പെട്ട ഒരു ദിനമാണെന്നും അറിയാമായിരിക്കും അല്ലേ? എന്നാൽ ഫെബ്രുവരി 28 സി വി രാമന്റെ ജന്മദിനമോ ചരമദിനമോ അല്ല കേട്ടോ. തന്റെ മഹത്തായ കണ്ടുപിടിത്തം രാമൻ ലോകത്തോടു വിളിച്ചുപറഞ്ഞ ദിനമാണത്. രാമൻ പ്രഭാവം (Raman effect) എന്ന കണ്ടുപിടിത്തം അദ്ദേഹം ലോകത്തെ അറിയിച്ചത്1928 ഫെബ്രുവരി 28 നായിരുന്നു. രാമൻ പ്രഭാവത്തിന്റെ കണ്ടെത്തലിന്1930 ലെ ഊർജതന്ത്ര നൊബേൽ രാമനെ തേടിയെത്തിയപ്പോൾ ശാസ്ത്ര മേഖലയിൽ നൊബേൽ നേടുന്ന ആദ്യ ഇന്ത്യക്കാരൻ, ഏഷ്യയിലെ തന്നെ ആദ്യ ശാസ്ത്ര നൊബേൽ ജേതാവ് എന്നീ റെക്കോർഡുകൾ അദ്ദേഹത്തിനു സ്വന്തമായി.

### ചരിത്രം, ലക്ഷ്യങ്ങൾ


ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനമായി ആചരിക്കണമെന്ന് നാഷണൽ കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജി കമ്യൂണിക്കേഷൻ നിർദ്ദേശിച്ചത് 1986 ൽ ആണ്. തുടർന്ന് 1987 മുതൽ എല്ലാ വർഷവും ഫെബ്രുവരി 28 രാജ്യമൊട്ടാകെ ദേശീയ ശാസ്ത്രദിനം ആഘോഷിക്കാൻ തുടങ്ങി. എല്ലാവരിലും ശാസ്ത്രാവബോധം വളർത്തുക, നിത്യജീവിതത്തിൽ ശാസ്ത്രനേട്ടങ്ങളുടെ പങ്ക് എത്ര വലുതാണെന്ന തിരിച്ചറിവുണ്ടാക്കുക, മാനവരാശിയുടെ പുരോഗതിക്ക് സഹായിച്ച ശാസ്ത്രനേട്ടങ്ങളും പ്രവർത്തനങ്ങളും ശ്രമങ്ങളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരിക, ശാസ്ത്രത്തിലേക്ക് സാമാന്യ ജനങ്ങളെ ആകർഷിപ്പിക്കുക, ശാസ്ത്രരംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുക, നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുക, ശാസ്ത്രതത്പരർ ആയവർക്ക് അവസരങ്ങൾ നൽകുക, ശാസ്ത്ര സാങ്കേതികവിദ്യകൾ ജനകീയമാക്കുക, ശാസ്ത്ര പ്രചാരണം പ്രോത്സാഹിപ്പിക്കുക ഇങ്ങനെ നിരവധി ലക്ഷ്യങ്ങളുണ്ട് ദേശീയ ശാസ്ത്രദിനാചരണത്തിന്.

### വിസ്മയങ്ങൾ വിരിഞ്ഞ കുഞ്ഞു പരീക്ഷണശാല

ജോലിത്തിരക്കുകൾക്കിടയിലും എന്നും രാവിലെ അഞ്ചര മണിക്കു തന്നെ രാമൻ തന്റെ പരീക്ഷണശാലയിൽ എത്തുമായിരുന്നു. പരീക്ഷണശാലയെന്നു പറഞ്ഞാൽ കൊൽക്കത്തയിലെ ബോ ബസാർ സ്ട്രീറ്റിലെ ഇന്ത്യൻ അസോസിയേഷൻ ഫോർ കൾട്ടിവേഷൻ ഓഫ് സയൻസിന്റെ ചെറിയൊരു ലാബ്. ഈ കുഞ്ഞു പരീക്ഷണശാലയിലാണ് ഏതാണ്ട് നാനൂറു രൂപയോളം മാത്രം ചെലവിൽ സ്വയം നിർമ്മിച്ച ഉപകരണങ്ങൾ ഉപയോഗിച്ച് രാമൻ വിസ്മയങ്ങൾ വിരിയിച്ചത്, രാമൻ പ്രഭാവത്തിന്റെ കണ്ടുപിടിത്തത്തിലൂടെ ഊർജതന്ത്ര നൊബേൽ വരെ കൈയെത്തിപ്പിടിച്ചത്. ഇന്ത്യൻ മണ്ണിൽത്തന്നെ ഉറച്ചുനിന്നുകൊണ്ട് പരിമിതമായ സൗകര്യങ്ങൾക്കിടയിൽ സ്വയം രൂപകല്പന ചെയ്ത ഉപകരണങ്ങൾ ഉപയോഗിച്ച് ശാസ്ത്രചരിത്രത്തിലെ നാഴികക്കല്ലായ നേട്ടം കൈയെത്തിപ്പിടിച്ച രാമൻ ശാസ്ത്രജ്ഞർക്ക് എന്നുമൊരു പ്രചോദനമാണ്. അതിനൂതന ഉപകരണങ്ങളും പരീക്ഷണശാലകളുമൊക്കെ ഉണ്ടായിട്ടും ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും പലർക്കും സാധിക്കാത്ത കാര്യമാണ് ദശകങ്ങൾക്കു മുമ്പേ രാമൻ കൈവരിച്ചത്.

### രാമൻ പ്രഭാവത്തിന്റെ പ്രഭാവം

എന്താണീ രാമൻ പ്രഭാവം എന്നാണോ? സുതാര്യമായ ഒരു ദ്രാവകത്തിലൂടെ ഒരു ഏകവർണ്ണ പ്രകാശം കടത്തിവിട്ടാൽ പുറത്തുവരുന്ന പ്രകാശത്തിന്റെ തരംഗദൈർഘ്യം വ്യത്യസ്തമായിരിക്കുമെന്ന് പരീക്ഷണങ്ങളിലൂടെ സി വി രാമൻ തെളിയിച്ചു. ഇതാണ് രാമൻ പ്രഭാവം എന്ന പേരിൽ അറിയപ്പെടുന്നത്. ദ്രാവകങ്ങളിലെ പ്രകാശ വിസരണമാണ് ഇതിനു കാരണം. ക്രിസ്റ്റലുകളിലൂടെ എക്സ് റേ കടത്തിവിട്ടുകൊണ്ട് കോംപ്റ്റൺ എന്ന ശാസ്ത്രജ്ഞൻ നടത്തിയ പരീക്ഷണങ്ങൾ രാമനെ ഏറെ ആകർഷിച്ചിരുന്നു. 1922ൽ ദ്രാവകങ്ങളിലൂടെ നീല പ്രകാശം കടത്തിവിട്ടപ്പോൾ പുറത്തുവന്ന വിസരിത പ്രകാശത്തിലെ മങ്ങിയ പച്ചവെളിച്ചം ശ്രദ്ധയിൽപ്പെട്ടെങ്കിലും ഫ്ളൂറസൻസ് ആണെന്ന് കരുതി അദ്ദേഹം കാര്യമായെടുത്തില്ല. ഗവേ




ഷണ സഹായികളായി രാമനൊപ്പം ശിഷ്യരായ കെ എസ് കൃഷ്ണനും രാമനാഥനും ഉണ്ടായിരുന്നു. രാമൻ പ്രഭാവം സ്വാധീനം ചെലുത്താത്ത ശാസ്ത്രമേഖലകൾ ഇല്ലെന്നു തന്നെ പറയാം. തന്മാത്രാഘടന, അവയിലെ രാസബന്ധനം എന്നിവ ചുരുൾ നിവർത്താൻ രാമൻ സ്പെക്ട്രോസ്കോപ്പി സഹായിക്കുന്നു. രാമൻ പ്രഭാവം അതിന്റെ പ്രായോഗിക വശങ്ങൾ എന്നിവയെക്കുറിച്ച് പുറത്തുവന്നിട്ടുള്ളതും വന്നുകൊണ്ടിരിക്കുന്നതുമായ പഠന റിപ്പോർട്ടുകളുടെ എണ്ണം നോക്കിയാൽ ത്തന്നെ ഈ കണ്ടുപിടിത്തത്തിന്റെ പ്രാധാന്യം മനസ്സിലാവും.

### നൊബേൽ ഉറപ്പ്

1924ൽ റോയൽ സൊസൈറ്റി ഫെല്ലോ ആയി തെരഞ്ഞെടുക്കപ്പെട്ട രാമനെ അഭിനന്ദിക്കാനായി കൊൽക്കത്താ സർവ്വകലാശാലയിൽ സംഘടിപ്പിച്ച ചടങ്ങിൽ വച്ച് അന്നത്തെ വൈസ് ചാൻസലർ ആയിരുന്ന അശുതോഷ് മുഖർജി 'എന്താണ് താങ്കളുടെ അടുത്ത ലക്ഷ്യം?' എന്നു ചോദിച്ചപ്പോൾ ഉടൻ വന്നു രാമന്റെ മറുപടി. തീർച്ചയായും നൊബേൽ തന്നെ! ഏതാനും വർഷങ്ങൾക്കു ശേഷം രാമൻ പ്രഭാവത്തിന്റെ കണ്ടുപിടിത്തത്തോടെ തനിക്ക് നൊബേൽ കിട്ടുമെന്ന് ഉറപ്പുണ്ടായിരുന്ന ആ ശാസ്ത്രജ്ഞൻ എന്തു ചെയ്തെന്നോ? നൊബേൽ പ്രഖ്യാപനത്തിനും മാസങ്ങൾക്കു

മുമ്പേ തന്നെ സ്വീഡനിലെ സ്റ്റോക്ക്ഹോമിലേക്കുള്ള കപ്പലിൽ ടിക്കറ്റങ്ങു ബുക്ക് ചെയ്തു! ഏതായാലും പ്രതീക്ഷ അസ്ഥാനത്തായില്ല. ഇന്ത്യയുടെ യശസ്സ് വാനോളം ഉയർത്തിക്കൊണ്ട് 1930ലെ ഊർജതന്ത്ര നൊബേൽ സമ്മാനം സി വി രാമനെ തേടി എത്തുക തന്നെ ചെയ്തു.

### കടലിന്നെന്തേ നീല നിറം?

1921ൽ ഓക്സ്ഫഡിലേക്കുള്ള കപ്പൽ യാത്രയ്ക്കിടെ മെഡിറ്ററേനിയൻ സമുദ്രത്തിന്റെ അഗാധ നീലിമയിൽ ആകൃഷ്ടനായ രാമൻ കടലിനെന്തേ നീല നിറം എന്നു ചിന്തിക്കാൻ തുടങ്ങി. ആകാശ നീലിമയുടെ പ്രതിഫലനമാണ് ആഴക്കടലിന്റെ നീലിമ എന്ന അക്കാലത്തെ ധാരണ അദ്ദേഹത്തിനു സ്വീകാര്യമായിത്തോന്നിയില്ല. പ്രകാശരശ്മികൾ ജലകണികകളിൽ തട്ടി വിസരണത്തിനു വിധേയമാകുന്നതാണ് കടലിന്റെ നീല നിറത്തിനു കാരണമെന്ന് അദ്ദേഹം തെളിയിച്ചു. പ്രകാശ ഗവേഷണങ്ങളിൽ മാത്രം ഒതുങ്ങിയില്ല ആ ശാസ്ത്രജ്ഞന്റെ ഗവേഷണ ജീവിതം. ഇംഗ്ലണ്ടിൽ സെന്റ്പോൾസ് കത്തീഡ്രലിലെ മർമ്മര ഗാലറിയും അദ്ദേഹത്തിന്റെ ശ്രദ്ധ കവർന്നിരുന്നു. ശബ്ദം, സംഗീതോപകരണങ്ങൾ, കാഴ്ചയുടെയും നിറങ്ങളുടെയും ശാസ്ത്രം, രത്നങ്ങൾ, ക്രിസ്റ്റലോഗ്രഫി എന്നിവയൊക്കെ അദ്ദേഹത്തിന്റെ ഇഷ്ട ഗവേഷണ മേഖലകളായിരുന്നു.

### വ്യത്യസ്തനായ രാമൻ

ശാസ്ത്രസാങ്കേതിക രംഗത്ത് സ്വാശ്രയത്വം കൈവരിച്ചാൽ മാത്രമേ ഇന്ത്യയിൽ ശാസ്ത്രപുരോഗതി സാധ്യമാവൂ എന്ന് സി വി രാമൻ ഉറച്ചു വിശ്വസിച്ചിരുന്നു. ശാസ്ത്രനേട്ടങ്ങൾ മനുഷ്യപുരോഗതിക്കു വേണ്ടിയാവണം എന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. 1930കളിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ ഡയറക്ടർ ആയിരുന്ന സമയത്ത് പല രാജ്യങ്ങളിലെയും വിഖ്യാത ശാസ്ത്രജ്ഞരെ ഇന്ത്യയിലേക്ക് കൊണ്ടുവരാനും അദ്ദേഹം ശ്രമിച്ചു. തന്റെ ശിഷ്യനായിരുന്ന പി കൃഷ്ണമൂർത്തിയുമായി ചേർന്ന് 1943ൽ ട്രാവൻകൂർ കെമിക്കൽ ആന്റ് മാനുഫാക്ചറിങ് കമ്പനി സ്ഥാപിച്ചു. 1948ൽ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. രാമനെ എറെ സ്വാധീനിച്ച ഗ്രന്ഥമാണ് 'ദ് ലൈറ്റ് ഓഫ് ഏഷ്യ'. എല്ലാ ഗാന്ധിജയന്തി ദിനത്തിലും ഗാന്ധിപ്രഭാഷണം നടത്തിയിരുന്നു അദ്ദേഹം.

**ശാസ്ത്രസാങ്കേതിക രംഗത്ത് സ്വാശ്രയത്വം കൈവരിച്ചാൽ മാത്രമേ ഇന്ത്യയിൽ ശാസ്ത്രപുരോഗതി സാധ്യമാവൂ എന്ന് സി വി രാമൻ ഉറച്ചു വിശ്വസിച്ചിരുന്നു. ശാസ്ത്രനേട്ടങ്ങൾ മനുഷ്യപുരോഗതിക്കു വേണ്ടിയാവണം എന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. 1930കളിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ ഡയറക്ടർ ആയിരുന്ന സമയത്ത് പല രാജ്യങ്ങളിലെയും വിഖ്യാത ശാസ്ത്രജ്ഞരെ ഇന്ത്യയിലേക്കു കൊണ്ടുവരാനും അദ്ദേഹം ശ്രമിച്ചു.**

രാമന്റെ ശിഷ്യരിൽ പലരും മികച്ച ഗവേഷകരായി. രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മണ്ണിൽ ത്തന്നെയാവണം തന്റെ അന്ത്യനിദ്രയെന്നും മരണശേഷം തനിക്ക് സ്മാരകങ്ങൾ ഒന്നും നിർമിക്കരുതെന്നും ആ ശാസ്ത്രജ്ഞൻ നേരത്തേ പറഞ്ഞുവച്ചിരുന്നു.

### നർമഭാഷണങ്ങൾ

ഗവേഷണത്തിൽ മാത്രമല്ല, കുറിക്കു കൊള്ളുന്ന നർമത്തിലും സമർഥനായിരുന്നു രാമൻ. നൊബേൽ പുരസ്കാരം ഏറ്റുവാങ്ങിയ ശേഷം സ്റ്റോക്ക് ഹോമിൽ നടന്ന ഒരു വിരുന്നിൽ മദ്യം വിളമ്പിയപ്പോൾ 'മദ്യത്തിൽ രാമൻ പ്രഭാവം കാണാൻ കഴിയും. എന്നാൽ രാമനിൽ മദ്യത്തിന്റെ പ്രഭാവം കാണാൻ കഴിയില്ല' എന്നായിരുന്നു ആ ശാസ്ത്രജ്ഞന്റെ മറുപടി. ഒരിക്കൽ തന്റെ കൈയിലുള്ള ഒരു കിലോവാട്ട് എക്സ് റേ ട്യൂബിനു പകരം അഞ്ചു കിലോവാട്ട് എക്സ് റേ ട്യൂബ് ഉണ്ടായിരുന്നെങ്കിൽ നന്നായേനെ എന്നാഗ്രഹിച്ച ശിഷ്യനോട് 'ആ ഗവേഷണത്തിൽ പത്തു കിലോവാട്ട് ബുദ്ധി ഉപയോഗിച്ചാൽ മതി' എന്നായിരുന്നു രാമന്റെ മറുപടി. 1948ൽ നെഹ്റു രാമന്റെ ക്രിസ്റ്റലോഗ്രാഫിക് എക്സിബിഷൻ സന്ദർശിക്കുന്നതിനിടെ ഒരു ഇരുട്ടുമുറിയിൽ അൾട്രാവയലറ്റ് പ്രകാശത്തിൽ തിളങ്ങുന്ന കോപ്പർ സ്വർണമെന്ന് തെറ്റിദ്ധരിച്ചപ്പോൾ ഉടൻ വന്നു രാമന്റെ മറുപടി – മിന്നുന്നതെല്ലാം പൊന്നല്ല!

### ജീവിതരേഖ

തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിക്കടുത്ത് തിരുവണയ്ക്കാവൽ ഗ്രാമത്തിൽ 1888 നവംബർ 7ന് ആർ ചന്ദ്രശേഖര അയ്യരുടെയും പാർവതി അമ്മാളിന്റെയും മകനായാണ് സി വി രാമൻ എന്ന ചന്ദ്രശേഖര വെങ്കട്ടരാമന്റെ ജനനം. വിശാഖപട്ടണത്തെ ഹിന്ദു സ്ക്കൂൾ, മദ്രാസ് പ്രസിഡൻസി കോളേജ് എന്നിവിടങ്ങളിൽ ആയിരുന്നു വിദ്യാഭ്യാസം. 1907ൽ കൊൽക്കത്തയിൽ ഇന്ത്യൻ ഫിനാൻഷ്യൽ സർവീസിൽ അക്കൗണ്ടന്റ് ജനറലായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം 1917ൽ കൊൽക്കത്താ സർവകലാശാലയിൽ പ്രൊഫസറായി. 1926 ഇന്ത്യൻ ജേണൽ ഓഫ് ഫിസിക്സ് ആരംഭിച്ചു. 1933ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ഡയറക്ടർ. ഇന്ത്യൻ അക്കാദമി ഓഫ് സയൻസസിന്റെ രൂപീകരണത്തിൽ മുൻകൈയെടുത്തു. 1948ൽ മൈസൂർ രാജാവു നൽകിയ പതിനൊന്ന് ഏക്കറിൽ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. നൊബേൽ പുരസ്കാരത്തിനു പുറമെ ഭാരതരത്നം, ലെനിൻ പീസ് പ്രൈസ്, നാഷണൽ പ്രൊഫസർ പദവി തുടങ്ങി നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി.

ഭാര്യ ലോകസുന്ദരി അമ്മാൾ. മക്കൾ ചന്ദ്രശേഖർ, വെങ്കട്ടരാമൻ രാധാകൃഷ്ണൻ. ഇതിൽ വെങ്കട്ടരാമൻ രാധാകൃഷ്ണൻ ബഹിരാകാശ ശാസ്ത്രജ്ഞനായി. വെള്ളക്കുള്ളന്മാരെക്കുറിച്ചുള്ള ഗവേഷണങ്ങൾക്ക് 1983ൽ ഊർജതന്ത്ര നൊബേൽ നേടിയ സുബ്രഹ്മണ്യം ചന്ദ്രശേഖർ രാമന്റെ അനന്തരവനാണ്. ശാസ്ത്രഗവേഷണങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവച്ച ആ മഹാപ്രതിഭ 1970 നവംബർ 21 ന് അന്തരിച്ചു.

### സ്ക്കൂളിൽ ചെയ്യാൻ

ശാസ്ത്രത്തിന്റെ പ്രാധാന്യം എല്ലാവരിലേക്കും എത്തിക്കാനും ശാസ്ത്രാവബോധം വളർത്താനുമുള്ള അവസരമായി നമ്മൾ ശാസ്ത്രദിനാചരണം പ്രയോജനപ്പെടുത്തണം. കപട ശാസ്ത്ര വാർത്തകൾക്കെതിരെ നമ്മൾ നിരന്തരം ജാഗ്രത പുലർത്തേണ്ടതുമുണ്ട്. സ്ക്കൂളിൽ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രാവബോധ ക്ലാസ്സുകൾ, സെമിനാറുകൾ, ശാസ്ത്രദിനപ്പതിപ്പ് തയ്യാറാക്കൽ(കൈയെഴുത്തു മാസിക, ചുമർ പത്രം, ഡിജിറ്റൽ മാഗസിൻ ഇവയൊക്കെ ആവാം), ഇന്ത്യൻ ശാസ്ത്രജ്ഞരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കൽ, വനിതാ ഗവേഷകരെ പരിചയപ്പെടൽ, ഡോക്യുമെന്ററി, ഫോട്ടോ പ്രദർശനങ്ങൾ, നമ്മുടെ പ്രധാന ശാസ്ത്ര നേട്ടങ്ങളും ഗവേഷണ സ്ഥാപനങ്ങളും പരിചയപ്പെടൽ, ഏതെങ്കിലുമൊരു ശാസ്ത്രസാങ്കേതിക ഗവേഷണശാല സന്ദർശിക്കൽ, വിവിധ മത്സരങ്ങൾ ഇങ്ങനെ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുമെന്ന് ആലോചിക്കൂ.

കഥ

# ഐഫോൺ

## ശ്രീജ ആർ എസ്

"എനിക്ക് ഇത് ശരിയാക്കി തരുന്നുണ്ടോ, ഇല്ലയോ?" കേശവപിള്ളയുടെ ശബ്ദം തെല്ലൊന്ന് ഉയർന്നുകേട്ടു.

"ഇല്ല, ഇല്ല..." ശ്രീയുടെ ശബ്ദം അതിൽ നിന്നും വല്ലാതെ ഉയർന്നു.

"ദാ, ഇരിക്കുന്നു നിങ്ങടെ സാധനം, എനിക്കിനി ഇത് വേണ്ട, എനിക്ക് വേറെ മേടിക്കാൻ അറിയാം." ഇത് പറയുമ്പോൾ കേശവപിള്ളയുടെ ശബ്ദം വല്ലാതെ ഇടറി... തന്റെ ചാരുകസേരയിൽ ഞെരിഞ്ഞമർന്ന് അദ്ദേഹം തന്റെ ദേഷ്യം അടക്കി.

"ഹും, ഓരോരുത്തരുടെ സംസാരം കേട്ടാൽ തോന്നും ഞാനിതൊക്കെ ആദ്യം കാണുകയാണെന്ന്. ഞാൻ കണ്ടിട്ടുള്ളതിന്റെ ഏഴിലൊന്ന് നിങ്ങളാരും കണ്ടിട്ടില്ല." തന്റെ കൈകൾ ചാരുകസേരയുടെ കൈകളോട് ചേർത്തുരുമ്മി കേശവപിള്ള പിറുപിറുത്തു.


"കുഞ്ഞ് പൊയ്ക്കോ, അദ്ദേഹത്തിന്റെ ദേഷ്യം തീരുമ്പോൾ ഞാൻ ഭക്ഷണവും മരുന്നും കൊടുക്കാം. വയ്യാത്തത് കൊണ്ടല്ലേ." മണിയേട്ടൻ പറഞ്ഞു.

ശരിയാണ് മണിയേട്ടൻ അച്ഛനെ നന്നായി നോക്കുന്നുണ്ട്. എന്നാലും അച്ഛന് ഭക്ഷണം തന്റെ കൈ കൊണ്ട് കൊടുത്താലെ ശ്രീക്ക് സമാധാനം കിട്ടൂ.

പ്രായം ഇത്രയൊക്കെ ആയെങ്കിലും ദേഷ്യം കൊണ്ടിരിക്കുന്ന അച്ഛന്റെ അരികിൽ പോകാൻ ശ്രീക്ക് ഇപ്പോൾ പേടിയാണ്, കുഞ്ഞിലെ അച്ഛന്റെ ദേഷ്യം കുറയ്ക്കാൻ അമ്മ ഇറക്കിയിരുന്ന തുറുപ്പു ചീട്ട് ആയിരുന്നു താൻ.

അമ്മ പോയതിൽ പിന്നെ അച്ഛന്റെ ദേഷ്യം ആർക്കും തണുപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

എപ്പോഴെങ്കിലും തനിയെ അതിന് ഒരു ശമനം ഉണ്ടാകുന്നതു വരെ ആരും അടുത്തക്ക് ചെല്ലുകയും ഇല്ല.



വര: സതീഷ് കെ

ഓഫീസിൽ എത്താൻ സമയം ആയി. അച്ഛനോട് യാത്ര പറയാതെ ശ്രീ കാർ സ്റ്റാർട്ട് ചെയ്തു. കാറിന കത്ത് വല്ലാത്ത ഒറ്റപ്പെടൽ, മൊബൈൽ കണക്ക് ചെയ്ത് ഹരിയെ വിളിച്ചു. രണ്ടു പ്രാവശ്യം വിളിച്ചപ്പോൾ കാൾ കണക്ട് ആയി.

"ശ്രീ, ഞാൻ ഇന്ന് അൽപം തിരക്കിൽ ആണെ, കണ്ണൻ എന്നെ വിളിച്ചിരുന്നു. നിന്റെ ഫോൺ തിരക്കിൽ ആയിരുന്നു എന്ന് പറഞ്ഞു."

"ങും." എല്ലാ ചോദ്യത്തിന്റേയും ഉത്തരം ഒറ്റ മൂളലിൽ ഒതുക്കി ശ്രീ ഫോൺ കട്ട് ചെയ്തു. എന്തോ വല്ലാത്ത അസ്വസ്ഥത, ശരീരത്തിനും മനസ്സിനും.

"നമ്മൾ OK അല്ലാത്തപ്പോൾ ഡ്രൈവ് ചെയ്യരുത്." അച്ഛന്റെ ശബ്ദം ശ്രീയെ പിടിച്ചുലച്ചു. കാർ റോഡിന്റെ വശത്തേക്ക് മാറ്റിയിട്ട് ശ്രീ സീറ്റിൽ ചാരി കിടന്നു. കണ്ണുകൾ അറിയാതെ നിറഞ്ഞുപോയി.

ഫോൺ കൈയിൽ പിടിച്ച് കാർട്ടൂൺ കണ്ട് കുടുകുടെ ചിരിക്കുന്ന അച്ഛന്റെ മുഖം ശ്രീയുടെ മനസ്സിൽ മിന്നി മറഞ്ഞു.

അമ്മ പോയ ശേഷം ഞങ്ങൾ മക്കൾ തിരക്കിൽ ആയി പോയപ്പോൾ അച്ഛന്റെ ഏക ആശ്രയം ഫോൺ ആയിരുന്നു.

മക്കളുടെ തിരക്കിൽ എപ്പോഴും അഭിമാനിച്ചിരുന്ന ആളായിരുന്നു അച്ഛൻ, അതുകൊണ്ടു തന്നെ അദ്ദേഹം ഒരു പരാതിയും പറഞ്ഞിരുന്നും ഇല്ല. ഒരിക്കൽ ഈ ലോകം മുഴുവൻ കണ്ട അദ്ദേഹം തന്റെ കട്ടിലിൽ കിടന്ന് ഫോണിലൂടെ ഈ ലോകത്തെ കാണാൻ തുടങ്ങി.

പക്ഷേ എന്താ കാര്യം, ഒരു സമയത്തും താഴെ വയ്ക്കാതെ ഓരോ കാര്യം മാറ്റി മാറ്റി ചെയ്ത് ആ ഫോണിനെ എപ്പോഴും ഹാങ്ങ് ആക്കും. എത്ര പ്രാവശ്യം നന്നാക്കി കൊടുത്തു. രണ്ടോ മൂന്നോ ഫോൺ ആയി. ഒരിക്കൽ തനിയെ തന്നെ ആളെ വിളിച്ച് ഫോൺ ശരിയാക്കിച്ചു. ഒത്തിരി പൈസയും ആ വകയിൽ ആരോ പറ്റിച്ചു.

ഇപ്പൊ കൈയിൽ ഇരിക്കുന്ന ഫോൺ വാങ്ങിയിട്ട് ആറ് മാസം പോലും ആയിട്ടില്ല. അതും കേടാക്കി. പാവം ഒറ്റയ്ക്ക് ആകുമ്പോൾ ഒരുപക്ഷേ...



ശ്രീയുടെ കണ്ണുകൾ അറിയാതെ വീണ്ടും നിറഞ്ഞു പോയി.

കണ്ണൻ പുതിയ കോഴ്സിന് ചേർന്ന് പോയപ്പോൾ ഹരിയേട്ടൻ അവന് ഒന്നാന്തരം ഐഫോൺ ആണ് വാങ്ങി നൽകിയത്. അന്ന് താൻ എതിർത്തു. അപ്പോൾ ഹരിയേട്ടൻ 'ടോ, താൻ പഠിച്ച സമയം അല്ല, ഇപ്പൊ ഇതൊക്കെ ഒരു ആവശ്യം ആണ് എന്നു പറഞ്ഞപ്പോൾ തനിക്ക് അന്തസ്സായിട്ട് അന്ന് പറയാൻ കഴിഞ്ഞു 'തനിക്കും കോളേജിൽ പോയപ്പോൾ ഫോൺ ഉണ്ടായിരുന്നു എന്ന്.' അങ്ങനെ തനിക്ക് പറയാൻ കഴിഞ്ഞത് ഈ അച്ഛൻ കാരണം അല്ലെ.

ശ്രീ തന്റെ കോളേജ് ദിനം ഓർത്തു. പേടിച്ച് പേടിച്ചാണ് ഒരു ഫോണിന്റെ കാര്യം അച്ഛനോടു പറഞ്ഞത്.

ഒന്നും പറയാതെ ജോലിക്കു പോയ അച്ഛൻ തിരികെ വന്നപ്പോൾ സാംസങിന്റെ പുതിയ ഫോൺ...

ശ്രീക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അന്നുവരെ അച്ഛനോട് വഴക്കിടാത്ത അമ്മ താൻ വഴിതെറ്റി പോകും എന്ന് കരുതി അച്ഛനോട് വഴക്കിട്ടതിന് കൈയും കണക്കും ഇല്ലായിരുന്നു.

"എനിക്ക് എന്റെ മോളെ വിശ്വാസമാണ്." എന്നുമാത്രമാണ് അച്ഛൻ അമ്മയോട് പറഞ്ഞത്.

തന്റെ കൈകളിലേക്ക് ലോകത്തിന്റെ വാതിൽ മലർക്കെ തുറന്നിട്ട് അച്ഛൻ ഒന്നു മാത്രമേ പറഞ്ഞുള്ളൂ.

"നമ്മൾ രണ്ട് കണ്ണു കൊണ്ട് നല്ലതും ചീത്തയും കാണും, നല്ലത് വീണ്ടും

കാണുക, മറ്റേത് കണ്ണട ക്കുക, അതുപോലെ തന്നെ കാതുകളും ഉപയോഗിക്കുക."

അന്ന് മുതൽ അച്ഛന്റെ ഓർമ്മ മങ്ങുന്നതു വരെ താൻ എങ്ങനെ ഫോൺ ഉപയോഗി ക്കുന്നു എന്ന് അച്ഛൻ അന്വേ ഷിച്ചിട്ടില്ല. അച്ഛന്റെ ആ ഉറപ്പ് തന്നെയല്ലേ തന്റെ ജീവിത ത്തിന്റെ ഉയർച്ച.

ചിന്തകൾക്ക് ഒടുവിൽ സിറ്റി യിലെ മുന്തിയ മൊബൈൽ ഷോപ്പിന്റെ മുന്നിൽ ശ്രീയുടെ കാർ ചെന്ന് നിന്നു.

നല്ലൊരു ഐഫോൺ വാങ്ങി തിരികെ കാറിൽ എത്തിയ ശ്രീ തന്റെ ഫോണിൽ 3 മിസ്ഡ് കാൾ കണ്ടു. ഓ മണിയേട്ടൻ, അച്ഛന്റെ പിണക്കം മാറി എന്ന് അറിയിക്കാൻ ആയിരിക്കും. തിരികെ വിളി ക്കാൻ തുടങ്ങിയതും വീണ്ടും മണി വിളിച്ചു.



"എന്താ മണിയേട്ടാ, അച്ഛൻ ഉറങ്ങിയോ?"

"മോളേ, ഞാൻ ഭക്ഷണം എടുത്ത് വച്ചിട്ട് വിളിച്ചപ്പം സാറിന് ഒരനക്കവും ഇല്ലായി രുന്നു. ഞാൻ പേടിച്ചുപോയി. സ്ഥിരം ആശുപത്രിയിൽ കൊണ്ടുപോകുന്ന വണ്ടി വന്നു. ഞങ്ങൾ ആശുപത്രി യിൽ എത്താറായി." മണിയേ ട്ടൻ ഒറ്റ ശ്വാസത്തിൽ പറഞ്ഞ് നിർത്തി. ഹരിയെ വിളിച്ച് പറഞ്ഞ് ശ്രീ ആശുപത്രിയി ലേക്കു തിരിച്ചു.

"ഇപ്പൊ കുഴപ്പം ഇല്ല. ഷുഗർ ഡൗൺ ആയത് ആയിരുന്നു, ഒന്നു രണ്ട് ലാബ് റിസൽട്ട് വരാനുണ്ട്. അത് കഴിഞ്ഞിട്ട് നമുക്ക് എന്ത് ചെയ്യാമെന്ന് നോക്കാം." ഡോക്ടർ പറഞ്ഞു.

ആശുപത്രികിടക്കയിൽ തളർന്ന് ഉറങ്ങുന്ന അച്ഛനെ മെല്ലെ തലോടി. "ങ്ങും..." ചെറിയ മൂളലോടെ അദ്ദേഹം കണ്ണ് തുറന്നു.

"അച്ഛാ, വെള്ളം കുടിക്ക ണോ?" ശ്രീയുടെ ചോദ്യത്തിന് 'അതെ' എന്ന് തലയാട്ടി.

ചെറു ചൂടു വെള്ളം കുടി പ്പിച്ച് താങ്ങി എണീപ്പിച്ച് ഇരുത്തി. അച്ഛന് മതിയാകും വരെ ഭക്ഷണം കഴിപ്പിച്ചു.

തന്റെ കൈയിലിരുന്ന ഐഫോൺ അച്ഛന്റെ കൈ യിൽ പിടിപ്പിച്ചിട്ട് ആശുപത്രി ബിൽ അടച്ചിട്ട് വരാം എന്നു പറഞ്ഞ് ശ്രീ മുറിക്ക് പുറ ത്തേക്ക് ഇറങ്ങി.

കളിപ്പാട്ടം കിട്ടിയ കുഞ്ഞി ന്റെ സന്തോഷത്താൽ കട്ടിലിൽ ഇരുന്ന് ഫോണിനൊപ്പം കളി ക്കുന്ന അച്ഛനെയാണ് തിരികെ വന്ന ശ്രീക്ക് കാണാൻ കഴി ഞ്ഞത്...



# മഴവില്ല്

ദിവാകരൻ വിഷ്ണുമംഗലം

ഏഴു നിറത്തിൽ പീലി വിടർത്തും
കാവടിയല്ലോ മാനത്ത്
ആരു നിവർത്തുവതീവിധമൊന്നായ്
കാണാനെന്തൊരു ചേലാണ്
കാടുകൾ തന്നിൻ മയിലുകളങ്ങനെ
പീലിവിടർത്തും പോലല്ലോ
കാണുവതിങ്ങനെ വാനം വർണ്ണ
പ്പൂവിരിയിക്കും സൗന്ദര്യം!

വര: അരവിന്ദ് രാമചന്ദ്രൻ

# കൃതി

**സാബു കോട്ടുക്കൽ**

ശബ്ദത്തെ നാമം, കൃതി, ഭേദകം എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുണ്ട്. അതിൽ നാമങ്ങളെക്കുറിച്ചും അതിന്റെ വിഭാഗങ്ങളെക്കുറിച്ചുമാണ് നാം ഇതുവരെ മനസ്സിലാക്കിയത്. ഇനി ഭാഷയിലെ മറ്റൊരു പ്രധാന ഘടകമായ കൃതിയെപ്പറ്റി മനസ്സിലാക്കാൻ ശ്രമിക്കാം. എന്താണ് കൃതി? അതിന്റെ ഉപയോഗമെന്ത്? അതിനെ എപ്രകാരമെല്ലാം വിഭജിക്കാം? ഇത്തരം ചോദ്യങ്ങൾ നിങ്ങളുടെ മനസ്സിൽ രൂപപ്പെട്ടുകഴിഞ്ഞോ? എങ്കിൽ ചില വാക്യങ്ങൾ പരിചയപ്പെടാം.

1. സുകു സ്കൂളിൽ വരുന്നു.
2. മനു താജ്മഹൽ കണ്ടു.
3. അനു തിങ്കളാഴ്ച വീട്ടിൽ വരും.
4. എനിക്കൊരു സൈക്കിൾ ഉണ്ട്.
5. ഇന്ന് വെള്ളിയാഴ്ച ആകുന്നു.
6. അവൾക്ക് നല്ല സുഖം ഇല്ല.

നൽകിയിട്ടുള്ള എല്ലാ വാക്യങ്ങളിലും ഒരു പദത്തിന് അടിവര നൽകിയിരിക്കുന്നത് ശ്രദ്ധിച്ചല്ലോ? അവയാണ് കൃതികൾ. വാക്യത്തിനുള്ളിൽ നിന്നുകൊണ്ട് ആ പദങ്ങൾ എന്ത് ധർമ്മമാണ് നിർവഹിക്കുന്നത് എന്ന് ആലോചിച്ചുനോക്കൂ. അവ ഏതെങ്കിലും ഒരു പ്രവൃത്തിയെയോ അവസ്ഥയെയോ ആണ് കുറിക്കുന്നത് എന്ന് വ്യക്തമാണ്. ഇപ്രകാരം ഏതെങ്കിലും ഒരു പ്രവൃത്തിയെയോ അവസ്ഥയെയോ സൂചിപ്പിക്കുന്ന പ്രക്രിയയ്ക്ക് ക്രിയ എന്നുപറയുന്നു. ക്രിയയെ സൂചിപ്പിക്കുന്ന പദത്തിന് കൃതി എന്ന് പേര്.

ക്രിയ, കൃതി എന്നീ പദങ്ങൾ ഒരേ അർഥത്തിലാണ് പലരും ഉപയോഗിക്കുന്നത്. എന്നാൽ സൂക്ഷ്മമായി നോക്കിയാൽ ഇവ ഒന്നല്ല എന്ന് മനസ്സിലാകും. അതെങ്ങനെ എന്നു നോക്കാം. ഒരു ക്രിയയ്ക്ക് പല കൃതികളും ഉണ്ടാകാം. ഓടുക എന്നത് ഒരു ക്രിയയാണ്. ആ ക്രിയയെ സൂചിപ്പിക്കാൻ ഇംഗ്ലീഷിലും ഹിന്ദിയിലും സംസ്കൃതത്തിലും വ്യത്യസ്ത കൃതികളാണുള്ളത്. നടക്കുക എന്ന ക്രിയയ്ക്ക് ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന കൃതി Walk എന്നാണ്. മറ്റു ഭാഷകളും ഇപ്രകാരം വ്യത്യസ്തമായ കൃതി ഉപയോഗിക്കുന്നു. അതായത്, ഒരു പ്രവൃത്തിയോ അവസ്ഥയോ ആണ് ക്രിയ. ക്രിയയെ കുറിക്കുന്ന പദമാണ് കൃതി. ക്രിയയും കൃതിയും തമ്മിലുള്ള വ്യത്യാസം ഇതാണ്. ക്രിയയും കൃതിയും ഒന്നല്ല എന്നു മനസ്സിലായല്ലോ?

നമുക്ക് മുകളിലെ വാക്യങ്ങളെ വിശകലനം ചെയ്തുനോക്കാം. ഒന്നാമത്തെ വാക്യത്തിൽ വരുന്നു എന്ന പദം ഒരു പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്. ആ പ്രവൃത്തി നടക്കുന്ന കാലത്തെ സംബന്ധിച്ച സൂചനയും അതിൽ ഉണ്ട്. രണ്ടാമത്തെ വാക്യത്തിലെ കണ്ടു എന്ന പദവും മൂന്നാമത്തെ വാക്യത്തിലെ വരും എന്ന പദവും ഇപ്രകാരം പ്രവൃത്തിയെ സൂചിപ്പിക്കുന്നു. അവിടെയും പ്രവൃത്തി നടക്കുന്ന കാലത്തിന്റെ സൂചനയുണ്ട്. എന്നാൽ നാല്, അഞ്ച്, ആറ് വാക്യങ്ങളിൽ സൂചിപ്പിക്കുന്ന ഉണ്ട്, ആകുന്നു, ഇല്ല എന്നീ പദങ്ങൾ ഏതെങ്കിലും ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നില്ല. പകരം ചില അവസ്ഥകളെയാണ് അവ സൂചിപ്പിക്കുന്നത്. ഉള്ള അവസ്ഥയെയാണ് ഉണ്ട് എന്ന് പദം സൂചിപ്പിക്കുന്നത്. ആവുക എന്ന അവസ്ഥയെയാണ് ആകുന്നു എന്ന പദം വ്യക്തമാക്കുന്നത്. ഇല്ല എന്നത് മറ്റൊരു അവസ്ഥയെ സൂചിപ്പിക്കുന്നു. ഇപ്രകാരം പ്രവൃത്തികളെയോ അവസ്ഥകളെയോ സൂചിപ്പിക്കുവാൻ ഭാഷയിൽ നിരവധി ക്രിയകൾ ഉപയോഗിക്കേണ്ടിവരും. അവയെയാണ് നാം കൃതികൾ എന്നു വിളിക്കുന്നത്.

# ചെസ്സ് ലോകകിരീടം ഇന്ത്യയിൽ

മോഹൻദാസ് അമ്പാട്ട്

**2024** ഡിസംബർ 12, ഒരിന്ത്യക്കാരൻ എന്ന നിലയിൽ നമ്മുടെ അഭിമാനം ആകാശത്തോളം ഉയർന്ന ഒരു ദിനം. ഗുകേഷ് ദൊമ്മരാജു എന്ന ഇന്ത്യക്കാരൻ ലോക ചെസ്സ് ചാമ്പ്യനായത് അന്നാണ്. നവംബർ 25 മുതൽ ഡിസംബർ 12 വരെ സിംഗപ്പൂരിലാണ് ലോകചാമ്പ്യൻഷിപ്പ് നടന്നത്. ചൈനയുടെ ഡിങ് ലിറൻ ആയിരുന്നു ഗുകേഷിന്റെ എതിരാളി. പതിനാലു മത്സരങ്ങൾ നീണ്ട ടൂർണമെന്റിൽ മൂന്നു മത്സരങ്ങളിൽ ഗുകേഷും രണ്ടെണ്ണത്തിൽ ഡിങ് ലിറനും വിജയിച്ചു. ബാക്കി മത്സരങ്ങളെല്ലാം സമനിലയിലാണവസാനിച്ചത്. ഓരോ വിജയത്തിനും ഓരോ പോയിന്റ്. സമനിലക്ക് അര പോയിന്റ്. അങ്ങനെ, പതിനാലിൽ ഏഴര പോയിന്റ് നേടിയ ഗുകേഷ്, ആറര പോയിന്റ് നേടിയ ഡിങ് ലിറന്റെ ലോക കിരീടം പിടിച്ചെടുക്കുകയായിരുന്നു. 2023ലെ ലോക ചാമ്പ്യനാണ് ഡിങ് ലിറൻ. ചരിത്രത്തിലെ, ഏറ്റവും പ്രായം കുറഞ്ഞ ലോക ചെസ്സ് ചാമ്പ്യൻ എന്ന റെക്കോർഡു കൂടി സ്വന്തമാക്കിക്കൊണ്ടാണ് പതിനെട്ടു വയസ്സുള്ള ഗുകേഷിന്റെ വിജയം. സോവിയറ്റ് യൂണിയന്റെ ഗാരി കാസ്പറോവ് ആയിരുന്നു ഇതുവരെ ഏറ്റവും പ്രായം കുറഞ്ഞ ലോക ചെസ്സ് ചാമ്പ്യൻ. 1985ൽ സ്വന്തം നാട്ടുകാരനായ അനറ്റോലി കാർപോവിനെ പരാജയപ്പെടുത്തി ലോകചാമ്പ്യനാകുമ്പോൾ കാസ്പറോവിന്റെ പ്രായം ഇരുപത്തിരണ്ടായിരുന്നു.

ലോക ചെസ്സ് ചാമ്പ്യനാവുന്ന രണ്ടാമത്തെ ഇന്ത്യക്കാരനാണ് ഗുകേഷ് ദൊമ്മരാജു. വിശ്വനാഥൻ ആനന്ദാണ് ഈ നേട്ടം കൈവരിച്ച




ഗുകേഷ് ദൊമ്മരാജു

ആദ്യത്തെ ഇന്ത്യക്കാരൻ. 2000, 2007, 2008, 2010, 2012 എന്നീ വർഷങ്ങളിലായി അഞ്ചു തവണ വിശ്വനാഥൻ ആനന്ദ് വിശ്വവിജയിയായിട്ടുണ്ട്.

എങ്ങനെയാണ് ലോക ചെസ്സ് ചാമ്പ്യനെ നിശ്ചയിക്കുന്നത്? ലോക ചാമ്പ്യൻഷിപ്പിന് മുന്നോടിയായി ഒരു കാൻഡിഡേറ്റ്സ് ടൂർണമെന്റ് നടത്തും. കാൻഡിഡേറ്റ്സ് ടൂർണമെന്റിലെ വിജയിയും നിലവിലെ ലോക ചാമ്പ്യനും തമ്മിലാണ് ചെസ്സ് ലോകകിരീടത്തിനു വേണ്ടിയുള്ള പോരാട്ടം. കാൻഡിഡേറ്റ്സ് ടൂർണമെന്റിലെ വിജയി 'ചലഞ്ചർ' (Challenger – വെല്ലുവിളിക്കുന്നയാൾ) എന്നാണറിയപ്പെടുന്നത്. അയാൾ, ലോക ചാമ്പ്യനെ വെല്ലുവിളിക്കുകയാണല്ലോ ചെയ്യുന്നത്.

### കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ മത്സരിക്കാൻ ആർക്കാണ് അർഹത?

തൊട്ടു മുൻപിലത്തെ ലോകചാമ്പ്യൻഷിപ്പിലെ രണ്ടാം സ്ഥാനക്കാരൻ (1), ചെസ്സ് ലോകകപ്പിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടിയവർ (3), ഫിഡെ ഗ്രാൻഡ് സ്വിസ് ടൂർണമെന്റിലെ ഒന്നും രണ്ടും സ്ഥാനക്കാർ (2), തൊട്ടു മുൻ വർഷം, ഫിഡെ നിശ്ചയിക്കുന്ന ടൂർണമെന്റുകളിൽ (ഫിഡെ

സർക്യൂട്ട്) നിന്ന് ഏറ്റവും കൂടുതൽ പോയിന്റ് നേടിയ താരം (1), നിലവിലെ വർഷം ജനുവരിയിൽ ഏറ്റവും ഉയർന്ന ഫിഡെ റേറ്റിംഗ് നേടിയ കളിക്കാരൻ (1), എന്നിങ്ങനെ 8 പേർക്കാണ് കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ മത്സരിക്കാൻ അർഹത. ഫിഡെ സർക്യൂട്ട് ടൂർണമെന്റിൽ ഫാബിയാനോ കരുവാനയ്ക്ക് പിന്നിൽ രണ്ടാം സ്ഥാനമാണ് ഗുകേഷിന് നേടാനായത്. എന്നാൽ, ചെസ്സ് ലോകകപ്പിലെ വിജയി എന്ന നിലയിൽ ഫാബിയാനോ കരുവാന കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ മത്സരിക്കാൻ അർഹത നേടിയതിനാൽ, ഗുകേഷിന് എട്ടാമനായി പ്രവേശനം നൽകുകയായിരുന്നു. 2024 ഏപ്രിൽ 2 മുതൽ 22വരെ കാനഡയിലെ ടോറോന്റോയിൽ നടന്ന കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ മത്സരിക്കാൻ, ഗുകേഷിനെ കൂടാതെ ആർ പ്രഗ്നാനന്ദ, വിദിത് ഗുജ്റാത്തി എന്നീ രണ്ട്


Credit :facebook.com/rpragchess/

പ്രഗ്നാനന്ദ


Credit :Michal Walusza

വിദിത് ഗുജ്റാത്തി

ഇന്ത്യക്കാർ കൂടി അർഹത നേടി എന്നത്, സമീപകാലത്ത് ചെസ്സ് രംഗത്ത് ഇന്ത്യ കാഴ്ചവയ്ക്കുന്ന വൻ മുന്നേറ്റത്തിന്റെ തെളിവാണ്.

കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ വിജയിച്ച് ലോക ചാമ്പ്യനെ നേരിടാൻ അർഹത നേടിയ ഗുകേഷ് കിരീടമണിഞ്ഞത് പിന്നീടുള്ള ചരിത്രം. കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ ആർ പ്രഗ്നാനന്ദക്ക് അഞ്ചാം സ്ഥാനവും വിദിത് ഗുജ്റാത്തിക്ക് ആറാം സ്ഥാനവുമാണ് ലഭിച്ചത്.

ആയിരത്തഞ്ഞൂറിലധികം വർഷത്തെ ചരിത്രമുള്ള ചെസ്സ് കളിയുടെ ജന്മനാട് ഭാരതമാണ്. ആറാം നൂറ്റാണ്ടിൽ, ഭാരതത്തിലെ ഗുപ്ത സാമ്രാജ്യത്തിലാണ് ചെസ്സിന്റെ ആദ്യ രൂപമായ ചതുരംഗം ആവിർഭവിച്ചത്. ഏഴാം നൂറ്റാണ്ടിൽ സസാനിയൻ സാമ്രാജ്യത്തിൽ 'ഷത്രഞ്ജ്' എന്ന പേരിലറിയപ്പെട്ട ഈ കളി പിൽകാലത്ത് അല്പസ്വല്പം മാറ്റങ്ങളോടെ യൂറോപ്പിൽ ചെസ്സ് എന്ന പേരിൽ പ്രചാരം നേടി.

ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ആദ്യത്തെ ലോക ചെസ്സ് ചാമ്പ്യൻഷിപ്പ് നടന്നത് 1886 ൽ അമേരിക്കയിലാണ്. 1886 ജനുവരി 11 മുതൽ മാർച്ച് 29 വരെ നടന്ന ചാമ്പ്യൻഷിപ്പിൽ വിജയിച്ച, വിൽഹെം സ്റ്റെയ്നിറ്റ്സ് ആണ് ആദ്യത്തെ ലോക ചെസ്സ് ചാമ്പ്യൻ. 1886 ൽ ലോകചാമ്പ്യൻ പട്ടം നേടുമ്പോൾ ബൊഹീമിയക്കാരനായിരുന്ന അദ്ദേഹം 1888 ൽ അമേരിക്കൻ പൗരത്വം സ്വീകരിക്കുകയും തന്റെ പേര് വില്യം സ്റ്റെയ്നിറ്റ്സ് എന്നാക്കി മാറ്റുകയും ചെയ്തു. ബ്രിട്ടീഷുകാരനായ ജോഹന്നാസ് സുക്കർട്ടോർട്ടിനെയാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. 1886 ൽ നേടിയ ലോക ചാമ്പ്യൻ പട്ടം സ്റ്റെയ്നിറ്റ്സ് 1894 വരെ നിലനിർത്തി. 1894 ൽ ഇമ്മാനുവൽ ലാസ്കർ എന്ന ജർമൻ താരം സ്റ്റെയ്നിറ്റ്സിനെ തോൽപ്പിച്ചുകൊണ്ട്, ലോക ചെസ്സ് ചാമ്പ്യനാകുന്ന രണ്ടാമത്തെ വ്യക്തിയായി. 1894 മുതൽ 1921 വരെ, 27 വർഷം കിരീടം നിലനിർത്തിയ ഇമ്മാനുവൽ ലാസ്കർ ആണ് ഏറ്റവും കൂടുതൽ കാലം ലോക ചെസ്സ് ചാമ്പ്യനായിരുന്നിട്ടുള്ള വ്യക്തി.

വിവിധരാജ്യങ്ങളിലെ ചെസ്സ് അസ്സോസിയേഷനുകളുടെ ഭാരവാഹികൾ 1924 ജൂലൈ 20 ന് പാരീസിൽ 'ഫിഡെ (FIDE)' എന്ന ചുരുക്കപ്പേരിൽ അറിയ





Credit :Wolfgang Jekel

വിശ്വനാഥൻ ആനന്ദ്



Credit :Vysotsky

വൈശാലി രമേഷ്ബാബു




Credit :Stefan64

അർജുൻ എരിഗാസി

പ്പെടുന്ന ഇന്റർനാഷണൽ ചെസ്സ് ഫെഡറേഷന് (International Chess Federation) രൂപം നൽകി. സ്വിറ്റ്സർലാന്റിലെ ലൊസാനിലാണ് ഫിഡെയുടെ ആസ്ഥാനം. 2024ൽ നൂറു വയസ്സ് പൂർത്തിയാക്കിയ ഫിഡെയുടെ പ്രസിഡന്റ് റഷ്യക്കാരനായ ആർ ക്കാഡി ദ്വോർകോവിച്ച് ആണ്. ഇന്ത്യയുടെ ചെസ്സ് മാന്ത്രികൻ വിശ്വനാഥൻ ആനന്ദാണ് ഡെപ്യൂട്ടി പ്രസിഡന്റ്.

1924 ൽ രൂപം കൊണ്ട ഇന്റർനാഷണൽ ചെസ്സ് ഫെഡറേഷൻ 2024 ൽ നൂറാം വാർഷികം ആഘോ ഷിക്കുമ്പോൾ, ലോക ചെസ്സിന്റെ ആകാശത്ത് ഇന്ത്യ നക്ഷത്രശോഭയോടെ മിന്നി നിൽക്കുകയാണ്. 2024 ൽ ഹംഗറിയിലെ ബുഡാപെസ്റ്റിൽ നടന്ന ചെസ്സ് ഒളിമ്പ്യാഡിൽ ഓപ്പൺ വിഭാഗത്തിലും വനിതകളുടെ വിഭാഗത്തിലും ഇന്ത്യ സ്വർണ മെഡലുകൾ നേടി. ലോക റാങ്കിംഗിലും ഇന്ത്യക്കാർ മുൻനിരയിലുണ്ട്. വനിതാവിഭാഗത്തിൽ കൊനേരു ഹംപി 6-ാം സ്ഥാനത്തും ദിവ്യ ദേശ്മുഖ് 14ാം സ്ഥാനത്തും ഹരിക ദ്രോണവല്ലി 16ാം സ്ഥാനത്തും വൈശാലി രമേഷ്ബാബു 18-ാം സ്ഥാനത്തുമുണ്ട്. പുരുഷന്മാരിൽ, അർജുൻ എരിഗാസിക്ക് 4ാം റാങ്കും ഗുകേഷ് ദൊമ്മരാജുവിന് 5ാം റാങ്കും വിശ്വനാഥൻ ആനന്ദിന് 10-ാം റാങ്കും പ്രഗ്നാനന്ദ രമേഷ്ബാബുവിന് 17-ാം റാങ്കുമാണ്. ചെസ്സിൽ ഗ്രാൻഡ് മാസ്റ്റർ പദവി നേടുന്ന ആദ്യത്തെ സഹോദരങ്ങൾ കൂടിയാണ് വൈശാലിയും പ്രഗ്നാനന്ദയും.

ഇന്ത്യയിൽ നിന്ന് ഇതേ വരെ 83 പേർ ഗ്രാൻഡ് മാസ്റ്റർ പദവി നേടിയിട്ടുണ്ട്. ഇവരിൽ 3 പേർ വനിതകളാണ്. 1987 ൽ വിശ്വനാഥൻ ആനന്ദ് ആണ് ഇന്ത്യയിൽ നിന്ന് ആദ്യമായി ഗ്രാൻഡ് മാസ്റ്റർ പദവി നേടിയത്. 2002 ൽ കൊനേരു ഹംപി ഇന്ത്യ യിലെ ആദ്യ വനിതാ ഗ്രാൻഡ് മാസ്റ്ററായി. കേരള ത്തിലും വളർന്നു വരുന്നുണ്ട്, ലോകം കീഴടക്കാൻ പ്രാപ്തിയുള്ള കുറെ പ്രതിഭകൾ. 2007 ൽ ജി എൻ ഗോപാൽ കേരളത്തിൽ നിന്നുള്ള ആദ്യത്തെ ഗ്രാൻഡ് മാസ്റ്ററായി. 2015 ൽ എസ് എൽ നാരായ ണനും 2018 ൽ നിഹാൽ സരിനും ചെസ്സ് ഗ്രാൻഡ് മാസ്റ്റർമാരായി. കെ രത്നാകരൻ, ജുബിൻ ജിമ്മി, ഗൗതം കൃഷ്ണ എച്ച്, നിമ്മി എ ജോർജ് എന്നിവർ മലയാളികളായ ഇന്റർനാഷണൽ മാസ്റ്റർമാരാണ്.



# ഒറ്റയാൻ

**വിജയ വാസുദേവൻ**

ഉത്സവപ്പറമ്പിലെ കൊമ്പനാനയെ കാണാൻ ആളുകൾ അണിനിരന്നു. കുട്ടികൾ കൊമ്പന്റെ വമ്പിനെ കുറിച്ച് അമ്പലമുറ്റത്ത് ചർച്ചകൾ നടത്തി. കൊമ്പനാന അപ്പോൾ തിടമ്പെഴുന്നെള്ളിക്കാനുള്ള ഒരുക്കത്തിൽ ആയിരുന്നു. ഉത്സവപ്പറമ്പിലെ ആൾക്കൂട്ടവും കൊട്ടും കുരവയും കണ്ടും കേട്ടും നടന്ന കൊമ്പനാനയ്ക്ക് പെട്ടെന്ന് ഒരു ഉത്സാഹം കടന്നുകൂടി. ആ ഉത്സാഹത്തിൽ അവൻ ആടി കുഴഞ്ഞ് അടി വെച്ച് നടന്നു. "ആനയ്ക്ക് എന്തോ പന്തികേടുണ്ട് ട്ടോ. ആ നടത്തം അത്രയ്ക്ക് അങ്ങോട്ട് ശരിയല്ല'

ആൾക്കൂട്ടം കൊമ്പന് മദമിളകി എന്ന് വിധിയെഴുതി. ആളുകൾ ഓടിമറഞ്ഞു. പൂത്തിരിവെട്ടം എരിഞ്ഞമർന്നു. മേളവും താളവും പെട്ടെന്ന് നിശ്ചലമായി.


അലങ്കാരങ്ങൾ അലങ്കോലമായി. ഇതൊന്നും ശ്രദ്ധിക്കാതെ ഒറ്റയാന അടി വച്ച് ചിന്നം വിളിച്ച് കൊമ്പു കുലുക്കി നടന്നു. വഴിയിൽ കണ്ട കാഴ്ചകൾ ഒന്നും അവൻ നശിപ്പിച്ചിട്ടില്ല.

വഴിയിൽ കണ്ടവരെ ഒന്നും അവൻ ഉപദ്രവിച്ചുമില്ല. പക്ഷേ അവനെ കണ്ട് പേടിച്ചോടിയ ആളുകൾ ചിതറിത്തെറിപ്പിച്ച ഉത്സവപൊലിമ കൊമ്പന്റെ മദപ്പാടിൽ നശിച്ചതാണെന്ന് പറഞ്ഞു. അവർ നാശനഷ്ടത്തിന്റെ കണക്കുകൾ കൊമ്പന്റെ തിടമ്പിലേറ്റി. ഇതൊന്നും അറിയാതെ പാവം കൊമ്പൻ വഴിവക്കിൽ കണ്ട കുളത്തിലിറങ്ങി വയറു നിറയെ വെള്ളം കുടിച്ച് അന്നത്തെ ഉച്ചവെയിലിന്റെ ക്ഷീണം മാറ്റി.


പിന്നീട് അവൻ വെള്ളത്തിൽ ഇറങ്ങി തിമർത്ത് കുളിച്ചു. ശാന്തതയോടെ അവൻ ഉത്സവപ്പറമ്പിലേക്ക് തിരിച്ചുനടന്നു.

ഉത്സവത്തിന് ആന ഇടഞ്ഞു, ഉത്സവപ്പറമ്പ് നിശ്ചലമായി എന്ന വാർത്തയായിരുന്നു അപ്പോൾ അവനെ എതിരേറ്റത്. മദപ്പാടുള്ളവൻ എന്ന് മുദ്രകുത്തി അവനെ മയക്കു വെടി വയ്ക്കാനുള്ള ഒരുക്കപ്പാടുകൾ തിരിച്ചറിഞ്ഞ അവൻ ചിന്തിച്ചു. 'ഇത്തിരി നേരം ഇഷ്ടത്തിനൊത്ത് ജീവിക്കാൻ ശ്രമിച്ചതിനാണോ എന്നെ ഇവർ തളക്കാൻ പോകുന്നത്.'

മയക്കുവെടിയുടെ മാസ്മരികതയിൽ അവൻ മയക്കത്തിലേക്ക് വീണു. അപ്പോൾ അവന്റെ ഉള്ളിൽ ഇഷ്ടത്തിനൊപ്പം കുറച്ചുസമയം ജീവിച്ച നല്ല നിമിഷങ്ങൾ ഒരു ഉത്സവം ഒരുക്കുന്നുണ്ടായിരുന്നു.



വര: ജയേന്ദ്രൻ



# വലിയവർ

രമാദേവി ചെപ്പ്

അമ്പലമുറ്റത്തങ്ങനെ നില്പുണ്ട-
മ്പോ വമ്പനൊരരയാല്.
വലിയവനെങ്കിലുമിലകളിളക്കി
ചെറിയൊരു കാറ്റിലുമാടുന്നു.
ഉയരം കൊണ്ടങ്ങകലെക്കാണും
മാമലയോളം കേങ്കേമൻ.
എന്നിട്ടും നോക്കയ്യോ പാവം
മണ്ണിൻ കഥകൾ കേൾക്കാനായ്,
വിരലുകൾ പോലും വേരുകളാക്കി
താഴേക്കോടിയിറങ്ങുന്നു.
താഴത്തുള്ളൊരു മണ്ണിൻ ചൂടും
ചുറ്റിനുമുള്ളൊരു ചെറുകാറ്റും
ഒരുനാളും കൈവെടിയില്ലെന്നതു
മഹോന്നതർ തൻ ശീലം.

വര: ബാസി മറിയം

# താള പ്രപഞ്ചത്തിൽ ആറാടിയവൻ

ആർ രാമചന്ദ്രൻ

പാട്ട് ഇഷ്ടപ്പെടാത്തവർ ആരെങ്കിലും ഉണ്ടാകുമോ! ഒരിക്കലെങ്കിലും കൈവിരലുകൾ കൊണ്ട് താളം പിടിക്കാത്തവർ ആരെങ്കിലും കാണുമോ? ആരുമുണ്ടാകില്ല.

ഒരു പാട്ട് മൂളിനോക്കൂ! അല്ലെങ്കിൽ യു ട്യൂബിൽ ഒരു സിനിമാഗാനം കേട്ടുനോക്കൂ! കണ്ണടച്ച് ശ്രദ്ധിച്ചു കേൾക്കണം.

കേട്ടിട്ടും നമ്മൾ കേൾക്കാതെപോയ ഒരു ശബ്ദം കേൾക്കുന്നില്ലേ? പല വാദ്യോപകരണങ്ങളുടെയും ഇടയിൽനിന്ന് ഒന്നിന്റെ വേറിട്ടൊരു ശബ്ദം! നിങ്ങളുടെ മനസ്സിനേയും ശരീരത്തേയും നൃത്തം ചെയ്യാൻ പ്രേരിപ്പിക്കുന്ന താളം?





Credit :infinityeventsindia.com/

നിങ്ങളുടെ കൈവിരലുകൾ ആ ശബ്ദത്തോടൊപ്പം താളം പിടിക്കുന്നില്ലേ? തബലയുടെ താളം?

ദക്ഷിണേന്ത്യൻ ശാസ്ത്രീയ സംഗീതത്തിൽ മൃദംഗം വായിക്കുന്നതു കേട്ടിട്ടില്ലേ? യു ട്യൂബിലെ ഏതെങ്കിലും ക്ലാസിക്കൽ സംഗീതാവതരണത്തിൽ അത് കണിശമായും കണ്ടുകാണും, കേട്ടും കാണും. അതിന്റെ ശബ്ദത്തെ കുറിച്ച് 'നാദസുധാരസം' എന്നാണ് ആസ്വാദകർ പറയുന്നത്. ശ്രുതിമധുരം ആണത്. തബലയുടെ ശബ്ദം അതുപോലെയല്ല. അത് കുറച്ചുകൂടെ തീവ്രവും മോഹിപ്പിക്കുന്നതും ആണ്. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ഭാവതീവ്രതയ്ക്ക് ആക്കം കൂട്ടാനും താളത്തിന്റെ ലോലതലങ്ങളിൽ നിന്നും അതിദ്രുത താളത്തിന്റെ മായാപ്രപഞ്ചത്തിലേക്കു പെട്ടെന്ന് ആസ്വാദകമനസ്സിനെ കൊണ്ടുപോകാനും അതിനു കഴിയും.

ലോകപ്രശസ്ത ബാംസുരി വാദകൻ ഹരിപ്രസാദ് ചൗരസ്യ ഒരിക്കൽ തിരുവനന്തപുരത്തു വന്നപ്പോൾ പറഞ്ഞു: "പ്രപഞ്ചത്തിന്റെ തുടക്കം ഓം എന്ന ശബ്ദമാണെന്ന് വേദങ്ങളിലും ഉപനിഷത്തുകളിലും പറയുന്നു. ശരിയോ തെറ്റോ, എനിക്ക് അറിയില്ല. പക്ഷേ, അടുത്ത നിമിഷം മുതൽ

പ്രപഞ്ചം താളനിബദ്ധമായി എന്ന്, എനിക്കു തോന്നാറുണ്ട്. അല്ല, അങ്ങനെയല്ല പറയേണ്ടത്. പ്രപഞ്ചത്തിന്റെ എല്ലാ ചലനങ്ങളും ഒത്തു ചേർന്നു സൃഷ്ടിച്ചതാണ്, സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നതാണ്, നമ്മളൊക്കെ അനുഭവിക്കുന്ന താളം എന്നാണ് പറയേണ്ടത്." അതേ താളത്തിന്റെ അനുരണനം തന്നെയാണ്, ഈയിടെ അന്തരിച്ച ഉസ്താദ് സാക്കിർ ഹുസൈൻ എന്ന അതുല്യ പ്രതിഭ സൃഷ്ടിച്ചിരുന്നതും.

പ്രസവശേഷം സാക്കിർ ഹുസൈനുമായി ആദ്യമായി മുംബൈയിലെ വീട്ടിൽ ചെന്നപ്പോൾ, അച്ഛൻ, പ്രശസ്ത തബല വാദകൻ, അല്ലാ രഖാ, തന്റെ മകന്റെ ചെവിയിൽ ചൊല്ലിക്കൊടുത്തത് തബലയുടെ 'ബോൽ' (തബലയിൽ വായിക്കുന്ന നോട്ട്) ആയിരുന്നുവത്രേ. നിത്യേന അച്ഛൻ നടത്തിയിരുന്ന പരിശീലനവും അച്ഛന്റെ ശിഷ്യരായി എത്തിയിരുന്ന കുട്ടികളുടെ തബല വായനയും കേട്ടാണ് കൊച്ചു സാക്കിർ വളർന്നത്. മുതിർന്നപ്പോൾ അച്ഛനെ കാണാനെത്തുന്ന സംഗീതജ്ഞരുടെ ചർച്ചകൾ വളരെ താത്പര്യത്തോടെ സാക്കിർ കേട്ടിരുന്നു. തബല എന്ന പക്കവാദ്യത്തെ ലോക നിലവാരത്തിലുള്ള ഒന്നാക്കിമാറ്റുവാൻ അദ്ദേഹത്തിനു സാധിച്ചത് അതുകൊണ്ടുകൂടെ ആയിരിക്കണം.


Credit :Alephalpha

അല്ലാ രഖാ

ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിലെ രാഗതാളങ്ങളും പാശ്ചാത്യസംഗീതവും സമ്പുഷ്ടമായ താളവൈവിധ്യവും കഠിനമായ പരിശ്രമത്തിലൂടെ മനസ്സിലാക്കിയതിനെക്കുറിച്ച് സാക്കിർ ഹുസൈൻ ഒരിക്കൽ വളരെ വികാരത്തോടെ സംസാരിച്ചിരുന്നു. അദ്ദേഹം തന്നെ ഒരിക്കൽ പറയുകയുണ്ടായി. "കൂടുതൽ കൂടുതൽ അറിയാൻ ശ്രമിക്കുക. കൂടുതൽ പഠിക്കുക എന്നതൊക്കെ അറിവിന്റെ അടിത്തറയാണ്. സ്വന്തം അറിവിന്റെ പരിമിതികൾ സ്വയം തിരിച്ചറിയുന്നതും നമ്മളെ വിനയാന്വിതരാക്കുന്നതും അവയാണ്."


Credit Krupasindhu Muduli

ഹരിപ്രസാദ് ചൗരസ്യയോടൊപ്പം സാക്കിർ ഹുസൈൻ

ലോകപ്രശസ്ത ജാസ് ഗായകനായ (സാക്സോഫോൺ) ചാൾസ് ലോയ്ഡിനോട് ഒരിക്കൽ സാക്കിർ ചോദിച്ചു: "അങ്ങയോടൊപ്പമുള്ള പരിപാടിക്ക് തബല വായിക്കാൻ വരുമ്പോൾ, ഏതു ശ്രുതിക്കനുസൃതമായാണ് ഞാൻ എന്റെ തബല തയ്യാറാക്കേണ്ടത്?" "മക്കളേ, ഈ പ്രപഞ്ചത്തിന്റെ ശ്രുതിയിലേക്ക് നീ അതിനെ തയ്യാറാക്കിക്കൊള്ളൂ." എന്ത് ഉദാത്തമായ മറുപടി എന്നു നോക്കൂ.

ഇന്ത്യൻ സംഗീതത്തിന്റെ ആർദ്രതയും ശക്തിയും ഇന്ത്യൻ താളങ്ങളുടെ വശ്യതയും തീവ്രതയും പാശ്ചാത്യസംഗീതത്തിലേക്കു കടന്ന്, അതിനെ കൂടുതൽ സമ്പുഷ്ടമാക്കി വരുന്നുണ്ട്. അതുപോലെ മറ്റ് സംസ്കാരങ്ങളുടെ സംഗീതത്തിൽ നിന്ന് നമ്മളും പലതും സ്വീകരിക്കേണ്ടതുണ്ട്. അതൊക്കെ നമ്മളുടെ സംഗീതത്തെ സമ്പന്നമാക്കും.

ഒരിക്കൽ ഒരു മുഖാമുഖം പരിപാടിയിൽ സാക്കിർ ഹുസൈൻ പറയുകയുണ്ടായി. "എല്ലാ സംഗീതജ്ഞരും (അവർ മാത്രമല്ല എന്ന് എനിക്ക് അറിയാം) എപ്പോഴും വിദ്യാർഥികൾ ആയിരിക്കും. പേരും പെരുമയും നേടിയാലും കൂടുതൽ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാനും അവയൊക്കെ സ്വായത്തമാക്കാനും അവർ ശ്രമിച്ചുകൊണ്ടേയിരിക്കും. ഒന്നും നേരത്തേ തീരുമാനിച്ചുറപ്പിക്കാത്ത പ്രയാണം - നമ്മളെക്കടന്നു പിന്നോട്ടു പായുന്ന ഒരോ നിമിഷത്തിന്റെയും അത്ഭുതകരവും അതിമനോഹരവുമായ വർണവിസ്മയം ദർശിക്കാൻ അങ്ങനെയായാലേ കഴിയുകയുള്ളൂ."

നമ്മളുടെ വികാരവിചാരങ്ങളെപ്പോലെ, നമ്മളുടെ ഉള്ളിലൂടെ സംഗീതം ഒഴുകി ഒഴുകിപ്പോകുമ്പോൾ, ദ്രവ്യത്തിന്റെയും സമയത്തിന്റെയും അന്തരാളത്തിൽ, മനസ്സും ശരീരവും ഒന്നാണെന്ന് നമുക്ക് ബോധ്യമാകും. ഒരുപക്ഷേ സംഗീതം സമയത്തിന്റെ ഭാഷ ആയിരിക്കാം. ഗണിതം അതിന്റെ അക്ഷരമാലയും.



# പുതുമൊഴി

**ഹേമ സാധ്വി**

മിഴി തുറന്നു
പുതുവത്സരം പുതു–
മൊഴികളെങ്ങു
മുണർന്നിതാ.
മിഴികൾ ചിമ്മിയുണർന്നു,
പൂവുകൾ
പുഴകൾ പാടി രസിച്ചിതാ.
പുതിയ ചേതനയോടെയണയാം
പുതിയ ഭാരത ഭൂവിതിൽ.
പുത്തനറിവും പുഞ്ചിരിയും
പുതുമയോടെ പകർന്നിടാം.
സോദരത്വമോടൊരുമയോടെ
സ്നേഹപാതയിൽ നീങ്ങിടാം.
കർമ്മവീഥിയിൽ മികവു നേടി
ധർമ്മമിന്നു പുലർത്തിടാം.
വിജയക്കൊടിയിതു വിശ്വമോഹന
വീചിയെങ്ങും വീശിടാം.
വിശ്വമാനവരൊത്തു ചേർന്നിനി
വിശ്വാസത്തൊടു വാണിടാം.

വര: ബാസി മറിയം



# മഴക്കണ്ണീർ പെയ്യുമ്പോൾ

അജയ് നാരായണൻ

മുറ്റത്തിരുന്നുണ്ണി നോക്കവേ മാനത്തു
കണ്ടു തിങ്കൾക്കല, ചുറ്റിലുണ്ടേ
താരകപ്പൂക്കളും തെല്ലു ദൂരത്തതാ
പാൽനിലാകിണ്ണത്തിലാറ്റുന്നുവോ
പാൽകഞ്ഞി, താരകകുഞ്ഞുങ്ങൾ വാതുറ–
ന്നിത്തിരി മാമം കഴിപ്പതിനായ്.
അല്ലെന്റെയമ്മയാണിങ്ങനെ മാനത്തു
നിൽപ്പതാവാം, ചിരിവെട്ടമോടെ
കൈമാടിയെന്നെ വിളിപ്പതാവാം കിനാ–
കാഴ്ചയിൽ താരാട്ടു തീർത്തതാവാം.

പാടുന്നയോർമ്മയുണ്ടേ, മുഖം നെഞ്ചിലും
കൊത്തിയിട്ടുണ്ടേ, വിടർന്നകണ്ണാൽ
മാനത്തു നോക്കിച്ചിരിച്ചു കൈ നീട്ടിയി–
റങ്ങി പൊന്നമ്മയെ തൊട്ടുനിൽക്കാൻ
മോഹിച്ചെഴുന്നേറ്റ നേരമിതാ മഴ–
മേഘം തുടിച്ചുവോ വിങ്ങലാർന്നോ?
കണ്ണീർമഴ പെയ്തു തോരാതെ, തോരാതെ
അമ്മക്കുളിരിൽ കുതിർന്നു കുഞ്ഞ്.
ഉമ്മറത്തിണ്ണയിലേതോ സ്മൃതിയുടെ
ആർദ്രത്തികവിൽ, നിറസന്ധ്യയിൽ
ഞെട്ടിയുണർന്ന മുത്തശ്ശി കൈനീട്ടി പൊ–
ന്നുണ്ണിയെ മാറോടു ചേർത്ത നേരം
താരാട്ടു പാടി മുകിലമ്മ, കാറ്റിന്റെ
കൈയിൽ കൊടുത്തതറിഞ്ഞു കാലം.



വര: ഈശ്വരൻ നമ്പൂതിരി



# സുവർണ നഗരത്തിന്റെ ശവകുടീരങ്ങൾ

എ വിനു

അസമിലെ അഹോം രാജവംശത്തിന്റെ 'മയ്ദം' ശവകുടീരങ്ങളെ യുനെസ്കോ ലോക പൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് സാംസ്കാരിക വിഭാഗത്തിൽ പട്ടികയിൽപ്പെടുന്ന ആദ്യ സ്ഥലമാണിത്. 600 വർഷത്തോളമായുള്ള അസം രാജവംശത്തിന്റെ പ്രത്യേകതരം ശവകുടീരങ്ങളാണ് മയ്ദം. അടക്കം ചെയ്യപ്പെട്ട രാജാവും രാജാവ് ഉപയോഗിച്ചിരുന്ന വസ്തുക്കളും ശവകുടീരത്തിനകത്ത് ഉണ്ടാകും. പ്രത്യേകതകളോടുകൂടിയ വാസ്തുരൂപങ്ങളാണിവ. ഇവയെക്കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിക്കൂ...



യുനെസ്കോയുടെ പൈതൃകപ്പട്ടികയിൽ ഇടം പിടിച്ചിരിക്കുകയാണ് അസമിലെ മയ്ദം ശവകുടീരങ്ങൾ. പ്രത്യേക തരത്തിലുള്ള ഈ ശവകുടീരങ്ങൾ 600 വർഷത്തോളം പഴക്കമുള്ള അഹോം രാജവംശത്തിന്റെ ശേഷിപ്പുകളാണ്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് സംസ്കാരിക വിഭാഗത്തിൽ പൈതൃകപ്പട്ടികയിൽപ്പെടുന്ന ആദ്യ സ്ഥലമാണിത്. അസമിലെ കാസിരംഗ, മാനസ് ദേശീയോദ്യാനം ഇവയെല്ലാം പൈതൃകസ്ഥലങ്ങളുടെ പട്ടികയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിദത്തമായ കാരണങ്ങളാലാണ് യുനെസ്കോ ഇവയെ അംഗീകരിച്ചത്.

അടക്കം ചെയ്യപ്പെട്ട രാജാവും രാജാവ് ഉപയോഗിച്ചിരുന്ന വസ്തുക്കളും ശവകുടീരത്തിനകത്ത് ഉണ്ടാകും. പ്രത്യേകതകളോടു കൂടിയ വാസ്തുരൂപങ്ങളാണ് ഇവ. ശവകുടീരങ്ങൾക്കു മുകളിൽ ഉയർന്നുനിൽക്കുന്ന ഒരു കുന്നിന്റെ രൂപമാണ് ഇവയ്ക്കുള്ളത്. ചറൈഡിയോയിൽ അഹോം രാജകുടുംബത്തിലെ ചിലരുടെ മയ്ദം കാണപ്പെടുന്നു. പ്രഭുക്കന്മാരുടെയും പ്രമാണിമാരുടെയും മറ്റ് മയ്ദങ്ങൾ സംസ്ഥാനത്തിന്റെ കിഴക്കൻ ഭാഗത്ത് ജോർഹട്ടിനും ദിബ്രുഗറിനും ഇടയിൽ ചിതറിക്കിടക്കുന്നു.

**എന്താണ് മയ്ദം?**

600 വർഷത്തോളമായുള്ള അസം രാജവംശത്തിന്റെ പ്രത്യേകതരം ശവകുടീരങ്ങളാണ് മയ്ദം. പിരമിഡിന് സമാനമായ രീതിയിലുള്ളവയാണ് ഇവ. ഈ ശ്മശാന നിലവറകൾക്കുള്ളിൽ രാജാക്കന്മാരെയും മറ്റു രാജകുടുംബങ്ങളെയും അടക്കം ചെയ്തിട്ടുണ്ട്. മരിച്ചവരെ ദഹിപ്പിക്കുന്ന ഹിന്ദു ആചാരങ്ങളിൽ നിന്ന് വ്യത്യസ്തമായി, തായ് ജനതയിൽ നിന്ന് ഉത്ഭവിച്ച അഹോമുകളുടെ രീതി അവരെ അടക്കം ചെയ്യുകയാണ്.

അഹോം രാജാക്കന്മാരെയും രാജ്ഞിമാരെയും മയ്ദങ്ങളിൽ അടക്കുമ്പോൾ അവർക്കൊപ്പം മരണാനന്തരജീവിതത്തിനുള്ള സൗകര്യങ്ങൾ കൂടി ലഭ്യമാക്കുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. ഭക്ഷണസാധനങ്ങൾ, കുതിരകൾ, ആനകൾ, ചിലപ്പോൾ രാജ്ഞിമാർ, സേവകർ തുടങ്ങിയവ സംസ്കാരത്തിനൊപ്പം ഇവയിൽ അടക്കം ചെയ്യും. പുരാതന ഈജിപ്തുകാരുടേതുമായി സമാനതകളുള്ള ചറൈഡിയോ മയ്ദത്തിന് അസമിലെ പിരമിഡുകൾ എന്ന പേരു കൂടിയുണ്ട്.

മയ്ദത്തിന്റെ ഉയരവും സൗകര്യങ്ങളും ഉള്ളിൽ കുഴിച്ചിട്ടിരിക്കുന്ന വ്യക്തിയുടെ ശക്തിയെയും ഉയരത്തെയും സൂചിപ്പിക്കുന്നു. 95.02 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ സ്ഥലം തായ്-അഹോം രാജവംശത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെയും ശവസംസ്കാര രീതികളുടെയും തെളിവാണ്.

ബ്രഹ്മപുത്ര താഴ്വരയിലെ ഈ ശ്മശാന കുന്നുകളിൽ 90 മയ്ദമുകൾ മികച്ച രീതിയിൽ

സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. കുന്നുകളുടെയും വനങ്ങളുടെയും വെള്ളത്തിന്റെയും പ്രകൃതിദത്ത സാഹചര്യങ്ങളെ നിലനിർത്തുന്നതിൽ ഇവ വലിയ പങ്ക് വഹിക്കുന്നുണ്ട്.

### അഹോം രാജവംശം

അസമിലെ ബ്രഹ്മപുത്ര താഴ്‌വരയിലെ ഒരു മധ്യകാല രാജ്യമായിരുന്നു അഹോം. ഏകദേശം 600 വർഷത്തോളം മേഖലയിലെ പരമാധികാരം നിലനിർത്തുകയും വടക്കുകിഴക്കൻ ഇന്ത്യയിലെ മുഗൾ വ്യാപനത്തെ ചെറുക്കുകയും ചെയ്തത് അഹോം രാജവംശമായിരുന്നു.

പട്കായ് പർവതങ്ങൾ കടന്ന് അസമിലെത്തിയ മോങ് മാവോയുടെ ഷാൻ രാജകുമാരനായ സുകഫയാണ് ഈ രാജവംശം സ്ഥാപിച്ചത്. രാജ്യം വടക്കും തെക്കും പടിഞ്ഞാറും തുടർച്ചയായി




Credit :Sarangakrishnachetia



വികസിപ്പിക്കുകയും ഒരു ബഹുവംശീയ രാഷ്ട്രമായി പരിണമിക്കുകയും ചെയ്തു.

നിരവധി രാജാക്കന്മാരുടെ കീഴിൽ അഹോം ശക്തമായിരുന്നു. ഭുയിയന്മാർ എന്ന ജന്മിവ്യവസ്ഥയെ അടിച്ചമർത്തിയാണ് അഹോമുകൾ രാജ്യം രൂപവത്കരിച്ചത്. 1523 ൽ അവർ ചുതിയ സാമ്രാജ്യത്തേയും, 1581 ൽ കോച്ഹാജോ സാമ്രാജ്യത്തേയും തങ്ങളുടെ സാമ്രാജ്യത്തോടു ചേർത്തു. ഇതിനു പുറമേ മറ്റനേകം വർഗങ്ങളെയും അവർ കീഴടക്കി. തോക്കുകളും പീരങ്കികളും നിർമ്മിക്കുന്നതിൽ വിദഗ്ധരായിരുന്ന അഹോമുകൾ ഒരു വലിയ രാജ്യം കെട്ടിപ്പടുത്തു. 1662 ൽ മുഗളർ അഹോം സാമ്രാജ്യം ആക്രമിച്ചു. ശക്തമായ ചെറുത്തുനിൽപ്പ് നടത്തിയെങ്കിലും അഹോമുകൾ പരാജയപ്പെട്ടു. എങ്കിലും അഹോമുകൾക്കു മേലുള്ള മുഗളരുടെ നേരിട്ടുള്ള ആധിപത്യം അധികനാൾ നീണ്ടുനിന്നില്ല.

അഹോമുകൾ അവരുടെ ഗോത്രദൈവങ്ങളെയാണ് ആരാധിച്ചിരുന്നത്. ഗോത്രങ്ങളായി വിഭജിക്കപ്പെട്ടാണ് അവർ ജീവിച്ചിരുന്നത്. ഗോത്രസമൂഹങ്ങൾക്ക് വലിയ പ്രാമുഖ്യമുണ്ടായിരുന്നു. ഗോത്രസമൂഹങ്ങളുടെ അനുമതിയില്ലാതെ രാജാവിനുപോലും കൃഷിക്കാരിൽ നിന്നും ഭൂമി എറ്റെടുക്കാനാവുമായിരുന്നില്ല.

പതിനേഴാം നൂറ്റാണ്ടോടെ ബ്രാഹ്മണരുടെ സ്വാധീനം വർധിക്കുകയും രാജാക്കന്മാർ അവർക്കായി ക്ഷേത്രങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി നൽകുകയും ചെയ്തു. പല രാജാക്കന്മാരും ഹിന്ദുമതം സ്വീകരിക്കുകയും ചെയ്തു. എങ്കിലും അഹോമുകൾ അവരുടെ പാരമ്പര്യമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും കൈവെടിയാൻ തയ്യാറായിരുന്നില്ല. അതിന്റെ അവശേഷിപ്പുകളാണ് അഹോമുകളുടെ മയ്ദങ്ങൾ.

### പൈതൃകപ്പട്ടിക

2024 ജൂലൈ വരെയുള്ള കണക്കനുസരിച്ച്, യുനെസ്കോയുടെ ലോക പൈതൃകപ്പട്ടികയിൽ



1223 കേന്ദ്രങ്ങളാണുള്ളത്. ഇതിൽ 952 സാംസ്കാരികവിഭാഗത്തിലും 231 പ്രകൃതിദത്ത വിഭാഗത്തിലും 40 സാംസ്കാരിക, പ്രകൃതിദത്ത സമ്മിശ്ര വിഭാഗത്തിലുമായാണ് ഉള്ളത്.

ഇന്ത്യയിൽ നിന്നും 43 ഇടങ്ങളാണ് പട്ടികയിൽ സ്ഥാനം നേടിയിട്ടുള്ളത്. 35 സാംസ്കാരിക വിഭാഗത്തിലും 7 പ്രകൃതിദത്ത വിഭാഗത്തിലും 1 സമ്മിശ്രവിഭാഗത്തിലുമാണ്. വിവിധ സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന പശ്ചിമഘട്ടമലനിരകളും ഈ പട്ടികയിലുണ്ട്. ഇതു മാത്രമാണ് യുനെസ്കോ പൈതൃകപ്പട്ടികയിലെ കേരളത്തിന്റെ സാന്നിധ്യം.

ഭൂമിയിൽ അധിവസിച്ചിരുന്ന മനുഷ്യസമൂഹത്തിന്റെ വൈവിധ്യമാർന്ന ജീവിതരീതികളെ കുറിച്ച് സൂചനകളും അറിവും പകർന്ന് നമ്മുടെ ജീവിതത്തെ കൂടുതൽ സംസ്കാരസമ്പന്നമാക്കുകയെന്നതാണ് പൈതൃകസ്മാരകങ്ങളുടെ മഹത്വം. ഇത്തരത്തിലുള്ള സ്മാരകങ്ങളുടെ നാശം പരിഹരിക്കാനാവാത്ത നഷ്ടമാണ് മനുഷ്യവംശത്തിനുണ്ടാക്കുക.

അതിനാലാണ് അവയെ സംരക്ഷിക്കാനും ആദരിക്കുവാനും യുനെസ്കോ തീരുമാനിച്ചത്.

1972ൽ നടന്ന യുനെസ്കോ സമ്മേളനമാണ് അതിനായി തീരുമാനമെടുത്തത്. ഭൂമിയിലെ ചില പ്രദേശങ്ങൾക്കും അവിടെ സ്ഥിതി ചെയ്യുന്ന സ്മാരകങ്ങൾക്കും ആഗോള പ്രാധാന്യമുണ്ടെന്നും അവ മാനവരാശിക്കായി സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പൈതൃകപ്പട്ടിക തയ്യാറാക്കി തുടങ്ങിയത്.

ലോക പൈതൃക കമ്മിറ്റിയുടെ 46 ാമത് സെഷൻ നടന്നത് ന്യൂഡൽഹിയിലാണ്. 24 കേന്ദ്രങ്ങളെയാണ് ഈ സെഷനിൽ പൈതൃകപട്ടികയിലേക്ക് തെരഞ്ഞെടുത്തത്. പാലസ്തീനിലെ സെന്റ് ഹിലാരിയോൺ ആശ്രമവും ഈ പട്ടികയിൽ ഉൾപ്പെടുന്നുണ്ട്. സംഘർഷം നിലനിൽക്കുന്ന മേഖലയിൽ ഈ ആശ്രമത്തിന്റെ അവശിഷ്ടങ്ങൾ മാത്രമേ ഇപ്പോഴുള്ളൂ. ലോക പൈതൃക കമ്മിറ്റിയുടെ അടുത്ത സെഷൻ 2025 ൽ ബൾഗേറിയയിലെ സോഫിയയിലാണ് നടക്കുക.



## പുസ്തകപ്രകാശനം



ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ആശാൻ എന്ന ആശ്ചര്യം' എന്ന പുസ്തകത്തിന്റെ പ്രകാശനം സാംസ്കാരികവകുപ്പ് മന്ത്രി സജി ചെറിയാൻ എഴുത്തുകാരൻ സാബു കോട്ടുക്കലിനു നൽകി നിർവഹിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, ഗ്രന്ഥകർത്താവ് ഹേമ സാധ്വി എന്നിവർ സമീപം.

# കുറ്റവാളി

എം കൃഷ്ണദാസ്

മകളുടെ രണ്ടാമത്തെ പ്രസവം കഴിഞ്ഞ് അവളുടെ വീട്ടിലേക്ക് പോയതോടെ അച്ഛന് പണിയായി. ഇടക്കിടക്ക് വിശേഷം തിരക്കാൻ അച്ഛനങ്ങ് പോണം. പോകലല്ല പ്രശ്നം. ചെന്നാലുടൻ മൂത്ത മകൻ ശ്യാം പുറപ്പെടും:

'ഞാൻ അമ്മച്ഛടെ കൂടെ വരും...' എല്ലായ്പ്പോഴും അവനെക്കാണാതെവേണം തിരികെപ്പോരാൻ. അച്ഛനെന്നും അവനെ സങ്കടപ്പെടുത്തി പോരുന്നതിൽ വിഷമം തോന്നും. അങ്ങനെ ഒരു ദിവസം വിഷമം സഹിക്കാതെ അച്ഛനവനെ കൂടെക്കൂട്ടാൻ തീരുമാനിച്ചു:

"അവനേയുമായി ബസ്സിലൊക്കെ കയറാൻ പ്രയാസമാവും..." മകൾ നിരുത്സാഹപ്പെടുത്തി.

"അതൊന്നും സാരല്ല..."

"അവൻ അതുമിതും വേണമെന്ന് വാശിപിടിക്കും..." മകൾക്ക് അവനെ വിട്ടിരിക്കാൻ പ്രയാസമായതുകൊണ്ട് പല തടസങ്ങളും പറഞ്ഞുനോക്കിയെങ്കിലും, അവൻ വാശിപിടിക്കുകയാണെങ്കിൽ വൈകുന്നേരം ഓട്ടോയിൽ കൊണ്ടുവന്നേക്കാമെന്നു പറഞ്ഞ്, അച്ഛൻ അവനേയും കൊണ്ടിറങ്ങിയപ്പോൾ മകൾ, കരച്ചിലൊതുക്കാൻ പാടുപെട്ടു.

പേരക്കുട്ടിയെ കണ്ടപ്പോൾ അമ്മമ്മക്ക് സന്തോഷമായി. അവന് എന്താണ് സ്പെഷ്യലായി ഒരുക്കിക്കൊടുക്കേണ്ടതെന്നറിയാതെ അമ്മയുടെ കൈവിറച്ചു. ആദ്യം ഹോർലിക്സ് ഉണ്ടാക്കിക്കൊണ്ടുവന്ന് കൊടുത്തു. ചൂടാറ്റാൻ മറ്റൊരു ഗ്ലാസെടുക്കാൻ പോയതക്കത്തിൽ ശ്യാം ഹോർലിക്സെടുത്തു. ചൂടുകാരണം അവൻ ഗ്ലാസ് താഴെയിട്ടു.

"ആരാ മോനെ ഗ്ലാസ് വീഴ്ത്തീത്...?"

"അമ്മച്ഛ..." അവൻ രക്ഷപ്പെട്ടു.

വൈകുന്നേരം അമ്മച്ഛനും പേരക്കുട്ടിയും പൂച്ചട്ടിയിലെ ചെടികളിൽ ഓസുകൊണ്ട് നനക്കുമ്പോൾ ഒരു ചട്ടി അവൻ തട്ടിമറിച്ചിട്ടു. ശബ്ദം കേട്ടുവന്ന അമ്മമ്മ ചോദിച്ചു:

"ആരാ ഉണ്ണി ചട്ടിപൊട്ടിച്ചത്...?"

"അമ്മച്ഛ..." അവനുണ്ടോ മറുപടിക്ക് പഞ്ഞം.

രാത്രി ഭക്ഷണത്തിന് അമ്മമ്മ സ്പെഷ്യലായി അവന് ഓംലെറ്റ് ഉണ്ടാക്കി. അവനെ മേലുകഴുകി തോർത്തി പുറത്തേക്ക് വിട്ടു. അമ്മമ്മ കുളികഴിഞ്ഞ് എല്ലാവർക്കും ചോറു വിളമ്പി. അവനുവേണ്ടി ഉണ്ടാക്കിയ ഓംലെറ്റെടുക്കാൻ ചീനച്ചട്ടിയിൽ നോക്കുമ്പോൾ അതു കാണാനില്ല.

"ചീനച്ചട്ടിയിലെ ഓംലെറ്റാരാണ് എടുത്തത്...?" അമ്മമ്മ ചോദിച്ചു.

"അമ്മച്ഛയാവും..."





വര: അരവിന്ദ് രാമചന്ദ്രൻ

ശ്യാം നിഷ്കളങ്കമായി പറഞ്ഞു.

ഊണു കഴിഞ്ഞ് അമ്മച്ഛനും അമ്മമ്മയും ശ്യാമും ഉറങ്ങാൻ കിടന്നു. കിടന്നയുടൻ ശ്യാം പറഞ്ഞു: "അമ്മച്ഛാ, കഥ പറഞ്ഞുതാ..."

'ഒരു ആമയും മുയലുമുണ്ടായിരുന്നു...' അമ്മച്ഛ കഥ പറഞ്ഞുതുടങ്ങി. "ഓട്ടപ്പന്തയം വച്ച കഥയല്ലെ, അതുവേണ്ട..."

'ഒരുദിവസം ഒരു കാക്ക പറന്നുപറന്ന് ക്ഷീണിച്ച് വരികയായിരുന്നു...'

"കുടത്തിൽ വെള്ളം കണ്ടതല്ലെ, അതുവേണ്ട അമ്മച്ഛാ..."

'ഒരു കുറുക്കൻ കാട്ടിലൂടെ വിശന്നു നടക്കുകയായിരുന്നു...' അമ്മച്ഛൻ മൂന്നാമത്തെ കഥയ്ക്ക് ശ്രമിക്കുകയായിരുന്നു.

"മരത്തിനു മുകളിൽ മുന്തിരിക്കുല കണ്ട കഥയല്ലെ അമ്മച്ഛാ. അതു വേണ്ട..."

"കഥയൊന്നും വേണ്ട, ന്റെ പൊന്നുംകട്ട ഉറങ്ങിക്കോ..." അമ്മമ്മ അവനെ പുതപ്പിനുള്ളിലേക്കു വലിച്ച്, ചേർത്തു കിടത്തിയുറക്കി.

നേരംപാതിരയായി. അമ്മമ്മയും അമ്മച്ഛനും നല്ല ഉറക്കമായിരുന്നു. അപ്പോഴതാ, കിടക്കയിൽ ഒരു നനവ്. അത് പടരുന്നു. കിടക്കയാകെ കുതിരുന്നു. അമ്മമ്മ ചാടിയെണീറ്റു.

അമ്മച്ഛനുണർന്നു. അവർ ശ്യാമിനെ വിളിച്ചുണർത്തി: 'ആരാ മോനേ മൂത്രമൊഴിച്ചത്?'

"അമ്മച്ഛയാവും... അല്ലാതാരാ..." അവനുണ്ടോ സംശയം. അതുകേട്ടപ്പോൾ അവന്റെ അമ്മച്ഛൻ ആ നട്ടപ്പാതിരക്ക് ഒരു തീരുമാനമെടുത്തു: "കൂടുതൽ കേസുകളിൽ പ്രതിയാവാതിരിക്കാൻ പുലർച്ചക്കുതന്നെ ഇവനെ നാടുകടത്തണം..."

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.


## ഞാനാവണം എനിക്കാവണം

സൂര്യകിരണം കാത്തു കഴിയും
കുഞ്ഞു പൂവിന്റെ പൂമ്പൊടിയാകണം
പുതുമണത്തിനായുഴലുന്ന മണ്ണിന്റെ
സിരയിലൊഴുകും ചുടുനീരാകണം
ഭൂമിമാതാവിന്റെ ഗർഭപാത്രത്തിലെ
പിഞ്ചുകുഞ്ഞിന്റെ ശ്വാസമാകണം
ദാഹനീരിനായലയുന്ന പച്ചയാം
ജീവന്റെ തൊണ്ടയിലെ നനവാകണം
തെരുവിലലറിക്കരയുന്ന ശിശുവിന്റെ
നഗ്നത മറയ്ക്കുന്ന പഴന്തുണിയാവണം
തെരുവിൽ പാർക്കുന്ന പച്ച മനുഷ്യന്റെ
കനവിൽ വിരിയുന്ന സ്വപ്നമാകണം
മുണ്ടുമുറുക്കുന്ന കർഷകഹൃദയത്തിൻ
അടുപ്പിലെരിയുന്ന കനലാവണം
ഞാൻ...
കവിത പൂക്കുവാൻ മോഹിച്ചലയും
കവിഹൃദയത്തിന്റെ ചിറകാവണം.

**മന്യ വി**
ക്ലാസ് 9 , ജി എച്ച് എസ് എസ്
കോട്ടായി



വര: സചീന്ദ്രൻ കാറഡ്ക്ക



## വര

**ഗായത്രി മനോജ്**
യു കെ ജി
കാർമൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ
തകഴി

# പാടം കടന്ന് പുഴക്കരയിലൂടെ...

ആയിഷ ആറാം ക്ലാസിലാണ്. സ്കൂളിലെ നല്ല ഓട്ടക്കാരിയാണവൾ. ഒരുപാട് ട്രോഫികളും മെഡലുകളും കിട്ടിയിട്ടുണ്ട്. അവയെല്ലാം അവൾ തന്റെ അലമാരയിൽ സൂക്ഷിച്ചുവച്ചിട്ടുമുണ്ട്. ഇടയ്ക്കിടെ അതെടുത്ത് നോക്കുക അവളുടെ ഒരു ശീലമാണ്. അപ്പോൾ ആ മുഖം അഭിമാനം കൊണ്ട് തിളങ്ങും.

ഇനിയും മത്സരങ്ങളിൽ പങ്കെടുക്കണം. മെഡലുകളും ട്രോഫികളും ഒരുപാട് നേടണം. എല്ലാവരും അറിയുന്ന ഓട്ടക്കാരിയാകണം. അതാണ് അവളുടെ സ്വപ്നം.

സൈക്കിളിലാണ് അവൾ ദിവസവും സ്കൂളിലേക്കു പോകുന്നത്. പാടത്തിനു നടുവിലുള്ള വഴിയിലൂടെ ഇടയ്ക്കിടെ ബെല്ലടിച്ച് അവൾ വേഗത്തിൽ ചവിട്ടിപോകും. ഇളംകാറ്റിൽ അവളുടെ മുടിയിഴകൾ പാറിക്കളിക്കും. പാടവും പുഴയിലെ പാലവും കടന്നാൽ പിന്നെ റോഡാണ്. തിരക്കുള്ള വലിയ റോഡ്. അവിടുന്ന് പിന്നെയും പോകണം സ്കൂളിലേക്ക്.

ഒരുവൈകുന്നേരം സ്കൂളിൽ നിന്ന് മടങ്ങുംവഴി പാഞ്ഞെത്തിയ ഒരു കാർ ആയിഷയുടെ സൈക്കിളിൽ വന്നിടിച്ചു. റോഡിലേക്കു തെറിച്ചുവീണ അവളുടെ കാലുകൾക്ക് സാരമായ പരിക്കേറ്റു. മൂന്നു മാസത്തെ വിശ്രമമാണ് ഡോക്ടർ പറഞ്ഞത്. വരാൻ പോകുന്ന മത്സരങ്ങളിൽ പങ്കെടുക്കാനാവില്ലെന്നറിഞ്ഞപ്പോൾ അവൾ പൊട്ടിക്കരഞ്ഞു. ട്രോഫികൾ, മെഡലുകൾ, സ്വപ്നങ്ങൾ... എല്ലാം കൺമുന്നിൽ തകർന്ന് ചിതറി വീഴുന്നതായി അവൾക്കു തോന്നി.

ആശുപത്രി വിട്ട് വീട്ടിലെത്തിയ ആയിഷയെ കാണാൻ കൂട്ടുകാരെത്തി. അവർ ക്ലാസിലെ കഥകൾ പറഞ്ഞു. തമാശകൾ പങ്കുവച്ചു. കൂട്ടുകാരുടെ കൈ പിടിച്ച് അവൾ പതിയെ നടന്നു. അങ്ങനെ അവളുടെ മുഖത്ത് വീണ്ടും ചിരി വിടർന്നു.

രോഗം ഒരുവിധം ഭേദമായപ്പോൾ കൂട്ടുകാർ അവളെ സൈക്കിളിൽ ഇരുത്തി സ്കൂളിലേക്കു കൊണ്ടുപോയി. അവിടത്തെ ഓരോ നിമിഷവും അവളിൽ ആഹ്ലാദം ഉണർത്തി. പക്ഷെ, വീട്ടിലെത്തിയാൽ തന്റെ കാലുകളിലേക്ക് നോക്കി അവൾ നിരാശയോടെ ഇരിക്കും.

അപ്പോഴാണ് അവൾ കൂട്ടുകാരി അനീറ്റയെ ഓർത്തത്. രണ്ടു കാലും തളർന്ന് വർഷങ്ങളായി അവൾ വീട്ടിലാണ്.

പുറത്തേക്ക് പോലും ഇറങ്ങാനാകാതെ അവൾ എന്തുമാത്രം വിഷമിക്കുകയാകും? ആ നിമിഷത്തിൽ അവളൊന്ന് മനസ്സിലുറപ്പിച്ചു, എനിക്ക് ഓടാൻ കഴിയുന്ന ആ ദിവസം മുതൽ അനീറ്റയെ സൈക്കിളിലിരുത്തി ദിവസവും ഞാൻ സ്കൂളിലെത്തിക്കും.

പിന്നെ വന്നൊരു ശനിയാഴ്ച കൂട്ടുകാർ ഒന്നിച്ചാണ് ആയിഷയുടെ വീട്ടിലെത്തിയത്. അന്നവൾ അവരോട് ഒരാഗ്രഹം പറഞ്ഞു, 'അനീറ്റയെ കാണാൻ പോകണം.'

എല്ലാവരും സമ്മതിച്ചു. കൂട്ടുകാരിയുടെ കൈ പിടിച്ചാണ് അവൾ മുറ്റത്തേക്കിറങ്ങിയത്. പക്ഷെ, നടന്നുതുടങ്ങിയത് ഒറ്റയ്ക്കാണ്. പിന്നെ ചുവടുകൾ വേഗത്തിലായി. വേഗത പിന്നെയും കൂടി. നടത്തം എപ്പോഴോ ഓട്ടം പോലെയായി. പിന്നെ ഓട്ടം തന്നെയായി. വേഗത്തിലുള്ള ഓട്ടം! കൂട്ടുകാർ ആശ്ചര്യത്തോടെ നോക്കിനിന്നു. അവർ നിർത്താതെ കൈയടിച്ചു. അവൾ ഓടിക്കൊണ്ടേയിരുന്നു, പാടവും കടന്ന് പുഴക്കരയിലൂടെ...



വര: സചീന്ദ്രൻ കാറഡ്ക്ക

**ആമിന ടി**
ക്ലാസ്: 5, ഗവ. യു.പി.എസ്. കലയ്ക്കോട്, കൊല്ലം

# മയക്കം

പൊന്നോമന ഉറങ്ങുകയാണ്. കരിമരുന്ന് പുരളുന്നതറിയാതെ വെടിയൊച്ചകൾ കേൾക്കാതെ, ചോര കൊണ്ട് മേക്കപ്പിട്ട പാവയെയും ചേർത്തു പിടിച്ച് അങ്ങനെ അവളുറങ്ങുകയാണ്. മേലെ നിന്ന് അമ്മ താരാട്ടു പാടി.

**അക്ഷയ ആർ നാഥ്**
ക്ലാസ് 10,
എസ് കെ പി എച്ച് എസ് എസ്



വര: സചീന്ദ്രൻ കാറഡ്ക്ക



വര: സചീന്ദ്രൻ കാറഡ്ക്ക


# യാത്ര

അച്ഛന്റെ ഓട്ടോയിലെ യാത്ര അവൻ വളരെ ആസ്വദിച്ചിരുന്നു. പള്ളിക്കൂടത്തിലെ ആദ്യദിവസം അച്ഛൻ തന്നെ കൊണ്ടാക്കണമെന്ന അവന്റെ വാശിയാണ് ഇന്നു ഞാൻ ഒറ്റയ്ക്കാവാൻ കാരണം.

**മിഥുഷ പി വി**
ക്ലാസ് 9,
ജി എച്ച് എസ്, ബെമ്മനൂർ

# വര


**അഥർവ് രാജേഷ്**
ക്ലാസ് 4
സെന്റ് തോമസ് സെൻട്രൽ സ്കൂൾ
മുക്കോലക്കൽ



# ശൂന്യത


ആ വീട് ശൂന്യമായിരുന്നു.
അതിന്റെ കരിഞ്ഞ ചുമരുകളിൽ
ചിലന്തികൾ നൃത്തം ചെയ്തു.
ശൂന്യമായ ചില്ലുഭരണികളിൽ
നോവ് കൂടുകൂട്ടി.
കിണറ്റിൻ കരയിൽ നിന്ന്
പായലുകൾ വിട വാങ്ങി.
കാലം തെറ്റിയ മഴകൾ
ആ വീടിനെ ശപിച്ചു.
കുടുംബകലഹങ്ങളാൽ
ആ വീടൊരു നരകമായി.
ആ വീടിന്റെയാകാശം മാത്രം
അപ്പോഴും ഇരുണ്ടിരുന്നു.
വിണ്ടുകീറിയ കാലുകൾക്കും
നിശബ്ദമാക്കിയ നിലവിളികൾക്കും
മറുപടിയില്ലാതായപ്പോൾ,
അവളാത്മഹത്യചെയ്തത്
അവിടത്തെ ഉത്തരത്തിലായിരുന്നു.
അതേ,
പണ്ടാരോ പെണ്ണിന് കൊടുത്ത
നിർവചനമാണ് അഭയം.

**ചിന്ത പി കെ**
ക്ലാസ് +1
എം ഇ എസ് എച്ച് എസ് എസ്
മണ്ണാർക്കാട്



വര: സചീന്ദ്രൻ കാറഡ്ക്ക





# വര

**സുദർശ് വി പി**
ക്ലാസ്സ് 6
സർവോദയ സെൻടൽ വിദ്യാലയ
നാലാഞ്ചിറ

# പുസ്തകനിറവ് പാലക്കാട് ജില്ലയിൽ





കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിറവ് പരിപാടി പാലക്കാട് ജില്ലയിൽ ആരംഭിച്ചു. ജില്ലാതല ഉദ്ഘാടനം കോങ്ങാട് ജി യു പി സ്കൂളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ നിർവഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ടി കെ നാരായണദാസ് അധ്യക്ഷനായിരുന്നു.

വാണിയംകുളം ടി ആർ കെ സ്കൂളിൽ നടന്ന പുസ്തകനിറവ് എം എൽ എ പി മമ്മിക്കുട്ടി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസവും സംസ്കാരവും പരസ്പരപൂരകങ്ങൾ ആണെന്നും വായനയിലൂടെ മികച്ച സംസ്കാരമുള്ള ജനതയെ സൃഷ്ടിക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം എം രൺദീഷ് അധ്യക്ഷനായിരുന്നു. ഒറ്റപ്പാലം എൽ എസ് എൻ ജി എച്ച് എസ് എസിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോഭന രാജേന്ദ്രപ്രസാദ് പുസ്തകനിറവ് ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം കെ എൻ കുട്ടി കടമ്പഴിപ്പുറം അധ്യക്ഷത വഹിച്ചു. ഷൊർണ്ണൂർ കാർമൽ സി എം ഐ ഹയർസെക്കൻഡറി സ്കൂളിൽ നടന്ന പുസ്തകനിറവ് ഡോ. സംഗീത ചേനംപുല്ലി ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പാൾ റവ. ഫാ. ഡോ. പോൾ ടി എം അധ്യക്ഷനായിരുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ഡോ. എൻ കെ ഗീത പുസ്തകനിറവ് പദ്ധതിയെക്കുറിച്ച് ആമുഖപ്രഭാഷണം നടത്തി. പുസ്തകനിറവ് 2025 പദ്ധതിയുടെ പാലക്കാട് ലയൺസ് സ്കൂളിലെ ഉദ്ഘാടനം പാലക്കാട് ജില്ലാ പബ്ലിക് ലൈബ്രറി സെക്രട്ടറി ടി ആർ അജയൻ നിർവഹിച്ചു.

കുട്ടികൾക്കുള്ള സാഹിത്യ മത്സരങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ, മലയാള ഭാഷയ്ക്ക് സംഭാവനകൾ നൽകിയ മുതിർന്ന അധ്യാപകരെ ആദരിക്കുന്ന ചടങ്ങ്, കുട്ടികൾക്കുള്ള പുസ്തകങ്ങളുടെ പ്രദർശനവും വിൽപ്പനയും അടക്കം വിവിധ പരിപാടികളാണ് പുസ്തകനിറവിൽ ഉൾപ്പെടുന്നത്. ജില്ലയിലെ പത്തു സ്കൂളുകൾ കേന്ദ്രീകരിച്ചു നടക്കുന്ന പുസ്തകനിറവ് ഒരു മാസത്തോളം നീണ്ടുനിൽക്കും.■

THALIRU

February 2025, Volume 32, Issue No. 1, 48 Pages

Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34

Editor: Palliyara Sreedharan

## തളിര് സ്കോളർഷിപ്പ് 2024 പരീക്ഷ സംസ്ഥാനതല വിജയികളെ പ്രഖ്യാപിച്ചു.

തളിര് സ്കോളർഷിപ്പ് 2024 സംസ്ഥാനതല പരീക്ഷയിൽ സീനിയർ വിഭാഗത്തിൽ തിരുവനന്തപുരം മടവൂർ എൻ എസ് എസ് എച്ച് എസ് എസിലെ അനന്യ പി എസും ജൂനിയർ വിഭാഗത്തിൽ ചുള്ളിമാനൂർ എസ് എച്ച് യു പി എസിലെ ഈശ്വർ എം വിനയനും ഒന്നാം റാങ്ക് കരസ്ഥമാക്കി.

സീനിയർ വിഭാഗത്തിൽ തിരുവനന്തപുരം മടവൂർ എൻ എസ് എസ് എച്ച് എസ് എസിലെ ആദിദേവ് പി എസ് രണ്ടാം റാങ്ക് നേടിയപ്പോൾ കോഴിക്കോട് കൊടിയത്തൂർ പി റ്റി എം എച്ച് എസ് എസിലെ ജെനിൻ അബ്ദുൾ നാസിർ മൂന്നാം റാങ്കിനർഹനായി.

ജൂനിയർ വിഭാഗത്തിൽ കണ്ണൂർ കായരളം എ യു പി എസിലെ കൃഷ്ണവേണി എസ് പ്രശാന്തിന് രണ്ടാം റാങ്കു ലഭിച്ചു. എറണാകുളം അഞ്ചൽപ്പെട്ടി സെന്റ് മേരീസ് യു പി എസിലെ രോഹിത് സോണിക്കാണ് ഈ വിഭാഗത്തിൽ മൂന്നാം റാങ്ക്. വിജയികൾക്ക് യഥാക്രമം 10,000 രൂപ, 5000 രൂപ, 3000 രൂപ എന്നിങ്ങനെയാണ് സമ്മാനത്തുക. ഇതോടൊപ്പം ഫലകവും സാക്ഷ്യപത്രവും വിതരണം ചെയ്യും.■


അനന്യ പി എസ്


ഈശ്വർ എം വിനയൻ


ആദിദേവ് പി എസ്


കൃഷ്ണവേണി എസ് പ്രശാന്ത്


ജെനിൻ അബ്ദുൾ നാസിർ


രോഹിത് സോണി

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26

RNI No. 20076/1970
Regd KL/TV (N)/399/2024-2026

February 2025
Published on 01-02-2025 Vol:32, Issue: 2, ₹25

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ
അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക
ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും
മാസിക ലഭിക്കേണ്ട പൂർണ്ണവിലാസം (പിൻകോഡും
മൊബൈൽനമ്പറും ഉൾപ്പെടെ)
കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക്
ഒരു കത്ത് / ഇമെയിൽ
(thaliru@ksicl.org) കൂടി അയക്കണം. 8547971483
എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് ആയും റസീപ്റ്റും
വിലാസവും അയക്കാവുന്നതാണ്.

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരി സംഖ്യയായ
250 രൂപ
ബാങ്ക് ട്രാൻസ്ഫർ/
മണിയോർഡർ/ഡിഡി
ആയി അയക്കുക.**

## ഓൺലൈനിൽ പണമടയ്ക്കാൻ

**ACCOUNT NUMBER : 30583524448
IFS Code : SBIN0004360
BANK: SBI - SPL PBB,
THIRUVANANTHAPURAM**

## തളിര് മാസിക തപാലിൽ ലഭിക്കാൻ

വാർഷികവരിസംഖ്യയായ
250രൂപ
യു പി ഐ /ബാങ്ക്
ട്രാൻസ്ഫർ
/മണിയോർഡർ/ഡിഡി
ആയി അയക്കുക.



വര: ആശ ആർ